# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം നവംബർ 2018 വാർഷിക വരിസംഖ്യ ₹100




പ്രൊസാങ്ടിറ്റി പബ്ലിക്കേഷൻസ്





# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 36 ലക്കം മംഗളവാർത്ത നവംബർ 2018


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- എത്ര നന്ദി പറഞ്ഞാലും... 05
- മിശിഹായിലുള്ള ജീവിതം 07
- വാൽനക്ഷത്രം 10
- ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 12
- ദൈവം നമ്മോടുകൂടെ 14
- എനിക്കാര്? 15
- സെനക്കിൾ തരംഗം 17
- കാവലാൾ 18
- കുമ്പസാരത്തിന്റെ കാണാപ്പുറങ്ങൾ 20
- സേത്ത് 22
- തുടരുന്ന ചോദ്യങ്ങൾ 23
- പരിശുദ്ധ അമ്മ 26
- ദിവ്യമാം മാതൃത്വം 27
- ക്രിസ്മസ്സിന്റെ ആത്മാവ് 28
- ഭാഗ്യപ്പെട്ട ദാരിദ്ര്യമേ 30
- എന്നെ കൊല്ലരുതമ്മേ 32
- അമ്മയോടൊപ്പം 34

എഡിറ്റോറിയൽ



# പരിശുദ്ധ കൂടാരങ്ങളാകാം

*"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും" (മത്താ 1,22-23).*

മംഗളവാർത്തക്കാലത്തിലൂടെ ആരാധനവത്സരക്രമത്തിലെ പുതുവർഷത്തിലേക്കു നാം പ്രവേശിക്കുകയാണ്. കൂടെയായിരുന്ന് മനുഷ്യമക്കളെ സ്നേഹിക്കാൻ കടന്നു വന്ന ദൈവത്തിന്റെ രക്ഷാകരരഹസ്യത്തിന്റെ ധ്യാനം, മനുഷ്യാവതാരത്തിന്റെ മാധുര്യമേറിയ ഓർമ്മയിൽ തുടക്കമിടുന്ന കാലം... മനുഷ്യാവതാരത്തിന്, "വചനം മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു" എന്നാണ് യോഹന്നാൻശ്ലീഹാ നല്കുന്ന ഭാഷ്യം (1,14). 'പരിശുദ്ധനും ദൈവപുത്രനു'മായ (ലൂക്കാ 1,35) ഈശോയ്ക്കു വന്നു പിറക്കാനുള്ള പരിശുദ്ധ കൂടാരമായി ദൈവം തിരഞ്ഞെടുത്തത് അമലോത്ഭവയായ മറിയത്തെയായിരുന്നു. 'എമ്മാനുവേൽ' ആയ ദൈവത്തിന്, കൂടെ വസിക്കാനാഗ്രിക്കുന്ന ദൈവത്തിന് ഇന്ന് വാസസ്ഥലമൊരുക്കേണ്ടത് നാമോരോരുത്തരുമാണ്. നമ്മുടെ ജീവിതമാകുന്ന കൂടാരമാണ് അവിടുത്തേക്കായി നാമൊരുക്കേണ്ടത്.

മനുഷ്യജീവനും ധാർമ്മികതയ്ക്കും ദൈവവിശ്വാസത്തിനും വിശുദ്ധിക്കുമൊന്നും യാതൊരു വിലയും കല്പിക്കാത്ത സാമൂഹിക-രാഷ്ട്രീയ നിലപാടുകൾക്കും അവയ്ക്കു സംരക്ഷണത്തിന്റെ കുടപിടിക്കുന്ന കോടതിവിധികൾക്കുമിടയിലാണ് നാമിന്നു ജീവിക്കുന്നത്. ഈ വെല്ലുവിളികൾക്കെല്ലാമിടയിൽ ദൈവം വസിക്കുന്ന പരിശുദ്ധ കൂടാരങ്ങളായി നമുക്കു മാറേണ്ടതുണ്ട്. നാമാകുന്ന കൂടാരങ്ങളിൽ അഭയം തേടുന്നവർക്ക് 'എമ്മാനുവേൽ അനുഭവം' പ്രദാനം ചെയ്യാൻ നമുക്കാവണം. നാമും നമ്മോടൊത്തായിരിക്കുന്നവരും ദൈവസാന്നിദ്ധ്യത്താൽനിറഞ്ഞ് മനുഷ്യാവതാരത്തിന്റെ ഫലമായ 'സമാധാനം' (ലൂക്കാ 2,14) അനുഭവിക്കുന്നവരും സമാധാനത്തിന്റെ വാഹകരുമാകട്ടെ. ഈ മംഗളവാർത്തക്കാലത്ത് നമ്മുടെ ഹൃദയമാകുന്ന പുൽക്കൂടുകളെ തിരുപ്പിറവിയ്ക്കായി നമുക്ക് സജ്ജമാക്കാം.

തിരുപ്പിറവിയുടെ മംഗളാശംകളോടെ,

ചീഫ് എഡിറ്റർ



# എത്ര നന്ദി പറഞ്ഞാലും അത് വളരെ ചെറുതാണ്

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**പാ**തിയുറക്കത്തിൽനിന്നുണർന്ന ജോഷായ്ക്ക് വീടും പരിസരവും ഒരു പുതുമ സമ്മാനിച്ചു. നിറയെ ദീപാലങ്കാരങ്ങൾ... ഒപ്പം ഒരു ചെറിയ പുൽക്കൂട്ടിൽ കുറേ ആളുകൾ...

"മുട്ടുകുത്തിനിന്ന് ഈശോയ്ക്ക് ഉമ്മ കൊടുക്ക്..." അപ്പയുടെ നിർദ്ദേശം അവനിൽ ആശ്ചര്യം ഉളവാക്കി. "ഇതു കുഞ്ഞുവാവയല്ലേ? എന്തിനാ മുട്ടുകുത്തുന്നത്?"

"ഈ കുഞ്ഞുവാവ മോന്റെ ഈശോയാണ്"... അപ്പയുടെ മറുപടി.

പുൽക്കൂടിനു മുന്നിൽ തന്റെ കുഞ്ഞിനെ മടിയിലിരുത്തി വി. ലൂക്കായുടെ സുവിശേഷത്തിലെ ആദ്യ അദ്ധ്യായം മനനം ചെയ്യുമ്പോൾ, ഒരു കൊടുങ്കാറ്റിനുശേഷം വരുന്ന ശാന്തതപോലെ ആ അപ്പയുടെ മനസ്സിൽ പ്രത്യാശയുടെ തളിർനാമ്പുകൾ മുളച്ചു...

നല്ല അറിയിപ്പിന്റെ കാലം... ലൂക്കാ സുവിശേഷകൻ വിവരിക്കുകയാണ്... സദ്വാർത്തയുടെ വാഹകരായി ദൈവദൂതന്മാരും അണിനിരക്കുന്നു. ദൈവികപദ്ധതിയുടെ അറിയിപ്പിന്റെയും (സുവാറ) അതിന്റെ പൂർത്തീകരണത്തിന്റെയും കാലമാണ് ആരാധനക്രമവത്സരത്തിലെ മംഗളവാർത്തക്കാലം. 'സുവാറ' എന്ന സുറിയാനിപദത്തിന് 'അറിയിപ്പ്' എന്ന് അർത്ഥം പറയുമ്പോൾ ഈ അറിയിപ്പിന്റെ സവിശേഷതകൊണ്ട് അത് മംഗളകരമായ അറിയിപ്പായി മാറി.

ഈശോയ്ക്കു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ, മരുഭൂമിയിൽ മുഴങ്ങിക്കേട്ട പ്രവാചകശബ്ദം, ലോകത്തിന് ദൈവത്തിന്റെ ദാനമായിരുന്നു. മാതൃത്വം എന്ന വിശിഷ്ടദാനത്തിന് ഭാഗ്യമില്ലാത്തവളായി എണ്ണപ്പെട്ടിരുന്ന ഏലീശായ്ക്കും, സദാ ദൈവവിചാരത്തിൽ ദൈവസന്നിധിയിൽ വ്യാപരിച്ചിരുന്ന സഖറിയായ്ക്കും ദൈവദൂതന്റെ അരുളപ്പാട് രക്ഷയുടെ അനുഭവമായി മാറി. തന്റെ കുറവിനെയോർത്ത് പരിതപിച്ച നീണ്ട നാളുകൾക്കു വിരാമമായി ഏലീശായ്ക്കു ദൈവം പൂർണത നല്കുന്നവനായെത്തി. അങ്ങനെ തന്റെ പേരിന്റെ അർത്ഥം (ഏലീശാ = ദൈവം സമ്പൂർണനാണ്) അവൾ ആഴത്തിൽ ഗ്രഹിച്ചു. ദൈവം തന്നിൽനിന്നും മുഖം മറച്ചിരിക്കുന്നു എന്ന ചിന്തയിൽനിന്നും ദൈവം തന്നെ സ്മരിച്ചു എന്ന ആത്മനിർവൃതിയിലേക്ക് സഖറിയാ (സഖറിയാ = ദൈവം ഓർത്തു) ഉയർന്നു. ഇവർക്കു നല്കിയ മകനാകട്ടെ ദൈവകാരുണ്യത്തിന്റെ പ്രതിഫലനവും. ദാനമായി ലഭിച്ച മകന് യോഹന്നാൻ എന്നു പേരിട്ട്, ഓരോ ആവർത്തി ഉരുവിടുമ്പോഴും ആ പേര് അർത്ഥമാക്കുന്ന ദൈവകാരുണ്യത്തെ അവർ തൊട്ടറിഞ്ഞു. യോഹന്നാന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പും യോഹന്നാന്റെ ജനനവും ധ്യാനിക്കുമ്പോൾ സഖറിയായ്ക്കു വാഗ്ദാനം ചെയ്ത 'ആനന്ദവും സന്തുഷ്ടി'യും (ലൂക്കാ 1,14) ലോകം മുഴുവനും അനുഭവിക്കുകയാണ്. എപ്പോഴാണിതു രുചിക്കാനാവുക? ദൈവം സമ്പൂർണതയാണെന്നു വിശ്വസിച്ച് തന്റെ നിസ്സാരതകളെ പൂർണമാക്കാൻ ദൈവത്തെ അനുവദിക്കുമ്പോൾ... ദൈവം ഒരിക്കലും മനുഷ്യകുലത്തെ വിസ്മരിക്കുകയില്ല എന്ന തിരിച്ചറിവിൽ ദൈവത്തിലേക്കു മുഖമുയർത്തി അവിടുന്നിൽ വ്യാപരിക്കുമ്പോൾ... അവർക്കാണ് ആനന്ദവും സന്തുഷ്ടിയും!

പഴയനിയമകാലംമുതൽ പ്രപഞ്ചചരിത്രത്തിലുടനീളം ദൈവം നല്കിയ അറിയിപ്പുകളുടെയെല്ലാം സമ്പൂർണതയാണ് മറിയത്തിനു ലഭിച്ച അറിയിപ്പ്. ലോകം മുഴുവനുമുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത മറിയത്തിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ഉരുവായി. മറിയത്തിനു ലഭിച്ച അറിയിപ്പ് മംഗളവാർത്തയായത് കുരിശിന്റെ നിഴലിലാണെന്നത് സവിശേഷമായ ധ്യാനത്തിലേക്ക് മനുഷ്യമനസ്സിനെ ഉയർത്തുന്നു. മാനുഷികപദ്ധതികൾക്കും ബൗദ്ധിക നിഗമനങ്ങൾക്കുംമീതേ ദൈവഹിതമെന്ന 'ശരി'യ്ക്ക് ആമ്മേൻ പറയുമ്പോൾ ഉണ്ടാകുന്ന കുരിശാണ് മഹാസന്തോഷത്തിനു നിദാനം! നിന്റെ വചനം എന്നിൽ മാംസം ധരിക്കട്ടെ എന്നു പറഞ്ഞ മറിയത്തിന്റെ മനസ്സാണ് മനുഷ്യകുലത്തിന്റെ അഭിമാനം! മറിയത്തിന് വാക്ക് ഒന്നേ ഉണ്ടായിരുന്നുള്ളു... യഹൂദജനം വാഗ്ദാനപേടകം പണിതീർത്ത കരുവേലകമരംപോലെയായിരുന്നു 'വാഗ്ദാനപേടക'മായ നമ്മുടെ അമ്മയും! അതിശൈത്യത്തെയും കൊടുംചൂടിനെയും അതിജീവിക്കുന്ന കരുവേലകമരംപോലെ നിസ്സഹായതകളുടെ അതിശൈത്യവും സഹനങ്ങളുടെ കൊടുംചൂടും ഒരേ ഭാവത്തോടെ മറിയം ജീവിച്ചു. കാരണം കുരിശിന്റെ തണൽ നല്കുന്ന കുളിർ അവളോടൊപ്പം എന്നുമുണ്ടായിരുന്നു.

മഹാസന്തോഷത്തിന്റെ സദ്‌വാർത്തയിതാ ഈ പുൽക്കൂട്ടിൽ! നിശബ്ദമായ ധ്യാനത്തിന് ഈ ശിശു നമ്മെ ക്ഷണിക്കുകയാണ്; ഈ ധ്യാനം ചെന്നെത്തുന്നത് നിരന്തരമായ സ്തുതിയിലേക്കും! "ആദം ഉരിഞ്ഞുകളഞ്ഞ മഹത്ത്വം അവനെ ധരിപ്പിക്കുവാൻ പദ്ധതിയിട്ട കാരുണ്യവാനേ നിനക്കു സ്തുതി! ഇലകൾക്കു പകരം പിള്ളക്കച്ചകളും തോലിനുപകരം വസ്ത്രങ്ങളും അവിടുന്നു ധരിച്ചു! ശിശുവായിത്തീർന്ന വലിയവനേ നിനക്കു സ്തുതി! നിന്റെ ജനനത്താൽ നീയെന്നെ വീണ്ടും ജനിപ്പിച്ചു. നാം സ്വർഗീയരായിത്തീരാൻ താഴേയ്ക്കിറങ്ങിവന്ന് നമ്മിലൊരാളായിത്തീർന്നവനു സ്തുതി! നമ്മുടെ കൃതജ്ഞത ഒരിക്കലും ആവശ്യമില്ലാത്തവനു സ്തുതി! എങ്കിലും നമ്മെ സ്നേഹിക്കുന്നതിനാൽ അവിടുന്ന് ആവശ്യക്കാരനായിത്തീർന്നു. അവിടുന്ന് നമുക്കുവേണ്ടി താഴേയ്ക്കു വളഞ്ഞുവന്നു; തന്നിലേക്കു നമ്മെ വലിച്ചടുപ്പിക്കാൻ തന്റെ ഫലം നമ്മുടെ മനുഷ്യപ്രകൃതിയുമായി കലർത്തപ്പെട്ടു!

അവന്റെ കൃപയ്ക്കു നന്ദി പറയാൻ ഇന്ദ്രിയങ്ങൾ തികച്ചും അപര്യാപ്തമാണ്. നാം എത്ര മാത്രം നന്ദി പറഞ്ഞാലും അതു വളരെ ചെറുതാണ്" (മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ 3).






# ക്രിസ്തീയജീവിതം: മിശിഹായിലുള്ള ജീവിതം

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

സഭ മിശിഹായുടെ ശരീരമാണ്. സഭാംഗങ്ങളെല്ലാം മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളാണ് (1 കൊറി 12) എന്നു പൗലോസ്ശ്ലീഹാ പറയുന്നത്, വി. യോഹന്നാന്റെ സുവിശേഷം അവതരിപ്പിക്കുന്നത് 'മുന്തിരിച്ചെടിയും ശാഖകളും' എന്ന പ്രതിരൂപത്തിലൂടെയാണ്. സഭ മിശിഹായാകുന്ന മുന്തിരിച്ചെടിയാണ്. സഭാംഗങ്ങളെല്ലാം മിശിഹായാകുന്ന മുന്തിരിച്ചെടിയുടെ ശാഖകളാണ് (യോഹ 15,1-17). മിശിഹായെക്കൂടാതെ ക്രൈസ്തവജീവിതമില്ല. ക്രൈസ്തവജീവിതം മിശിഹായിലുള്ള ജീവിതമാണ്. മിശിഹായിലുള്ള ജീവിതമെന്ന നിലയിൽ ക്രിസ്തീയജീവിതത്തിന്റെ പ്രത്യേകതകൾ എന്തെന്നു മനസ്സിലാക്കുവാൻ ഈ ഉപമ നമ്മെ സഹായിക്കുന്നു.

## സ്നേഹത്തിൽ വളരാൻ വെട്ടിയൊരുക്കപ്പെടുന്ന ജീവിതം

സഭ അഥവാ മിശിഹായിൽ ഒന്നായ സമൂഹം മുന്തിരിച്ചെടിയാണെങ്കിൽ, കൃഷിക്കാരൻ ദൈവപിതാവാണ്. മിശിഹായിൽ നമ്മെ ഒന്നിപ്പിക്കുന്നത് പിതാവായ ദൈവമാണ്. മാമ്മോദീസായിൽ പിതാവായ ദൈവം തന്റെ ഏകജാതനായ മിശിഹായുടെ പുത്രത്വത്തിൽ നമ്മെ ഒന്നിപ്പിച്ചു. അവിടുത്തെ പുത്രന്മാരുടെയും പുത്രിമാരുടെയും കുടുംബമാക്കി. മുന്തിരിച്ചെടിയായ മിശിഹായുടെ ശാഖകളാക്കി. നാം ഫലം പുറപ്പെടുവിക്കുന്ന ശാഖകളാകണമെന്നതാണ് പിതാവിന്റെ ആഗ്രഹം. 'ഫലം പുറപ്പെടുവിക്കുക' എന്നു പറഞ്ഞാൽ 'പരസ്പരം സ്നേഹിക്കുന്ന സമൂഹമാകുക' എന്നാണർത്ഥം (15,12.17). സ്നേഹത്തിൽ നമ്മെ വളർത്താൻ ശാഖകളായ നമ്മെ പിതാവായ ദൈവം വെട്ടിയൊരുക്കും (15,1-2). സ്നേഹിക്കുന്നതിനുവേണ്ടി നാം അനുഭവിക്കേണ്ടിവരുന്ന സഹനങ്ങളും ത്യാഗങ്ങളുമാണ് വെട്ടിയൊരുക്കലുകൾ. അവയെ സന്തോഷപൂർവം സ്വീകരിച്ച് പരസ്പരസ്നേഹത്തിൽ വളരുവാൻ നാം നിരന്തരം പരിശ്രമിക്കണം.

## പരസ്പരസ്നേഹത്തിൽ വളരുന്ന ജീവിതം

വചനസ്വീകരണമാണ് മിശിഹായിലുള്ള ജീവിതത്തിന് തുടക്കം കുറിക്കുന്നത് (15,3). വചനസ്വീകരണത്തിലൂടെ വിശ്വാസത്തിന്റെ അനുസരണാജീവിതം നയിക്കുവാൻ കഴിയുമ്പോളാണ്

നമുക്കു മിശിഹായിൽ ജീവിക്കുവാനും മിശിഹായ്ക്കു നമ്മിൽ ജീവിക്കുവാനും കഴിയുന്നത്. വിശ്വാസജീവിതം സ്നേഹജീവിതമാണ്. മിശിഹായെ സ്നേഹിക്കുന്ന, അവിടുത്തെ കല്പനകൾ പാലിക്കുന്ന, പരസ്പരസ്നേഹത്തിന്റെയും സഹവാസത്തിന്റെയും ജീവിതം നയിച്ചുകൊണ്ട് മിശിഹായോടുള്ള ഐക്യത്തിൽ നാം വളരണം. അപ്രകാരം മിശിഹായുമായുള്ള സ്നേഹബന്ധത്തിൽ വളർന്നും അവിടുത്തെ സ്നേഹത്തിന്റെ കല്പനകൾ പാലിച്ചും പരസ്പര ബന്ധത്തിൽ വളർന്നുമാണ് മിശിഹായോടുള്ള ഐക്യത്തിൽ, ഏറെ ഫലം പുറപ്പെടുവിക്കുന്ന ശാഖകളായി (15,5) നാം വളരേണ്ടത്. അപ്രകാരം സ്നേഹത്തിൽ വളരാത്തവർ മരിച്ചവർക്കു തുല്യരാണ്. ഫലം പുറപ്പെടുവിക്കാത്ത ശാഖകൾപോലെ, ദുരാഗ്രഹങ്ങളുടെ തീയിൽ എരിഞ്ഞ് ഈ ലോകത്തിലും, നരകത്തിന്റെ നിത്യാഗ്നിയിലെരിഞ്ഞ് പരലോകത്തിലും ഇല്ലാതാകും (15,6).

## മിശിഹായുമായുള്ള ഐക്യത്തിൽ പ്രാർത്ഥിക്കുന്ന ജീവിതം

"നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വാക്കുകൾ നിങ്ങളിൽ നിലനില്ക്കുകയും ചെയ്യുന്നെങ്കിൽ ഇഷ്ടമുള്ളതു ചോദിച്ചുകൊള്ളുക; നിങ്ങൾക്കു ലഭിക്കും" (15,7) എന്ന് ഈശോ പറയുന്നു. ഈശോമിശിഹായുമായുള്ള നമ്മുടെ ഐക്യം നമ്മുടെ പ്രാർത്ഥനയെ ഫലപ്രദമാക്കിത്തീർക്കുന്നു. ഈശോയുടെ വചനങ്ങളിലൂടെ ദൈവത്തിന്റെ ഇഷ്ടം അറിയുകയും അനുവർത്തിക്കുകയും ചെയ്യുന്ന ജീവിതം നാം നയിക്കുമ്പോൾ നമ്മുടെ ഇഷ്ടം നിരസിക്കുവാൻ ദൈവത്തിനു സാദ്ധ്യമല്ല. സഭയുടെ പ്രാർത്ഥനകൾ ദൈവത്തിന്റെ വചനം സന്നിഹിതമാകുന്ന പ്രാർത്ഥനകളാണ്. സഭ മിശിഹായുടെ ശരീരമാണ്. അതുകൊണ്ട് മിശിഹാ സഭയിൽ ജീവിക്കുന്നു. അങ്ങനെയെങ്കിൽ സഭ പ്രാർത്ഥിക്കുമ്പോൾ മിശിഹാതന്നെയാണു പ്രാർത്ഥിക്കുന്നത്. അപ്പോൾ നാം സഭയോടൊത്തു പ്രാർത്ഥിക്കുമ്പോൾ മിശിഹായോടൊത്താണ് പ്രാർത്ഥിക്കുന്നത്. അത് ഏറ്റം ഫലപ്രദമായ പ്രാർത്ഥനയുമാണ്.

## മിശിഹായുടെ സ്നേഹത്തിൽ നിലനില്ക്കുന്ന ജീവിതം

"പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (15,9). പിതാവു പുത്രനെ സ്നേഹിക്കുന്നത് അനന്ത സ്നേഹത്താലാണ്. ആ സ്നേഹംതന്നെയാണ് പുത്രനായ ഈശോ നമുക്കും നല്കിയത്. അനന്തമെന്നു പറഞ്ഞാൽ നമുക്കു മനസ്സിലാക്കാനാവില്ല. നമ്മുടെ ഭാഷയിൽ പറഞ്ഞാൽ "പരമാവധിസ്നേഹം" (Maximum love). അവിടുന്നു നമുക്കു തരുന്ന സ്നേഹത്തെപ്പറ്റി ഈശോ ഇപ്രകാരം പറയുന്നു: "സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല" (15,13). ഈ സ്നേഹത്തിൽ നാം നിലനില്ക്കണമെന്നാണ് ഈശോ ആവശ്യപ്പെടുന്നത്. പൊതുവെ 'മിനിമം' സ്നേഹിക്കുവാനുള്ള പ്രവണതയാണ് നമുക്കുള്ളത്. അതിനെ അതിലംഘിച്ച് 'മാക്സിമം' സ്നേഹിക്കുന്നവരാകുവാനുള്ള ആഹ്വാനമാണ് ഇവിടെ ഈശോ നല്കുന്നത്. അപ്രകാരം ദൈവത്തെയും, ദൈവം തരുന്നവരെയും പരമാവധി സ്നേഹിച്ചുകൊണ്ട് മിശിഹായുടെ സ്നേഹത്തിൽ നിലനില്ക്കുവാൻ നമുക്കു കഴിയണം. മിശിഹായുടെ സ്നേഹത്തിൽ നിലനില്ക്കേണ്ടത് അവിടുത്തെ കല്പനയാകുന്ന സ്നേഹത്തിന്റെ കല്പന പാലിച്ചുകൊണ്ടാണ് (15,10). ഈശോയുടെ കല്പന പരസ്പരസ്നേഹത്തിന്റെ കല്പനയാണ് (15,12.17). അതുകൊണ്ട് നാം പരസ്പരം സ്നേഹിക്കുന്ന സമൂഹമായിത്തീരുമ്പോഴാണ് നാം മിശിഹായുടെ സ്നേഹത്തിൽ നിലനില്ക്കുന്ന ജീവിതം നയിക്കുന്നവരാകുന്നത്.

## മിശിഹായുടെ സന്തോഷം അനുഭവിക്കുന്ന ജീവിതം

സന്തോഷമനുഭവിക്കുവാൻ തത്രപ്പെടുന്നവരാണ് നാമെല്ലാവരും. പക്ഷേ, അതു പലപ്പോഴും കണ്ടെത്താൻ ശ്രമിക്കുന്നത് ഈ ലോകത്തിനടുത്ത സന്തോഷങ്ങളിലാണ്. ഈ ലോകത്തിനടുത്ത സന്തോഷം പലപ്പോഴും പാപകരമായ ചിന്തകളിലൂടെയും വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ആയിപ്പോകുന്നതുകൊണ്ട് ആ സന്തോഷം മനഃസാക്ഷിക്കടിക്കും കുറ്റബോധത്തിനും കാരണമാകുകയും സന്തോഷത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഈശോ പറയുന്നത്, "ഇതു ഞാൻ നിങ്ങളോടു പറഞ്ഞത് ***എന്റെ സന്തോഷം*** നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനുംവേണ്ടിയാണ്" (15,11). മിശിഹായിൽ ദൈവത്തെയും ദൈവം തരുന്നവരെയും സ്നേഹിച്ചുകൊണ്ടു ജീവിക്കുവാൻ നമുക്കു സാധിച്ചാൽ നമുക്കു ശരിയായ സന്തോഷമുണ്ടാകും. ആ സന്തോഷം ഒരിക്കലും നഷ്ടപ്പെടുകയുമില്ല. അപ്രകാരം മിശിഹായുടെ സന്തോഷം അനുഭവിക്കുന്ന ജീവിതമാണ് യഥാർത്ഥ ക്രൈസ്തവജീവിതം.



## Spirituality Centre Programme

**December**

| | |
|---|---|
| 08 | School of Bible |
| 09-14 | Retreat for Deacons |
| 10-12 | Ecumenical Meeting |
| 15 | Recollection for Oblates |
| 18-19 | Cenacle Gathering (Sodales & Aspirants) |
| 27-30 | Week of the Institute |

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# വാൽനക്ഷത്രം

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മഞ്ഞിൽ മുങ്ങിയ ഡിസംബർ! മഞ്ഞിന്റെ വെണ്മയും നൈർമല്യവും മനസിനും ആത്മാവിനും പകർന്ന് തെന്നലായി ഒഴുകുന്ന മഞ്ഞുമാസം! രക്ഷകന്റെ ജനനത്തെ അനുസ്മരിപ്പിക്കുന്ന നക്ഷത്രവിളക്കുകൾ വീടുകളുടെ ഉമ്മറങ്ങളിൽ തെളിഞ്ഞുതുടങ്ങി!

കുട്ടികളുടെ നോട്ടുബുക്കിലും, പ്രോഗ്രസ്കാർഡിലുമെല്ലാം സ്റ്റാറിനു പ്രാധാന്യമുള്ള കാലമാണല്ലോ ഇത്. സ്റ്റാർ കിട്ടുന്നവർക്കും കാണുന്നവർക്കുമെല്ലാം സന്തോഷം... സ്റ്റാർ കിട്ടാനും സ്റ്റാർ ആകാനും സന്തോഷം! ഫിലിം സ്റ്റാർ, സ്പോർട്സ് സ്റ്റാർ, സീരിയൽ സ്റ്റാർ... എന്നുവേണ്ട, ഇന്ന് സാധനങ്ങളുടെ ഗ്രേഡും സ്ഥാപനങ്ങളുടെ നിലവാരവും സ്റ്റാറിൽ നിക്ഷിപ്തം. കമ്പനി ഏറ്റം ബെസ്റ്റ് ആണെങ്കിൽ അതിൽ "Five Star" ഉണ്ടത്രേ. അതാണ് അതിന്റെ ഗ്രേഡ് മാർക്ക്. ഇതെല്ലാം ഓർത്തപ്പോൾ റീസാ ടീച്ചർ പറഞ്ഞതാ എന്റെ ഓർമ്മയിലുണർന്നത്. എന്റെ ഗതകാലചിന്തകൾക്കു ചിറകുകൾ വിരിഞ്ഞു...

ക്രിസ്തുമസിന് നല്ലൊരു സ്റ്റാർ വാങ്ങിക്കണം, തന്റെ വീട്ടിലും ഇടണം ഒരു സ്റ്റാർ. വിനുകുട്ടന്റെ കുഞ്ഞുമനസ്സിലെ സ്വപ്നം!

രണ്ടാം ക്ലാസ്സിൽ കൂട്ടുകാരുടെ കൂട്ടായ സംസാരം സ്റ്റാറിനെപ്പറ്റിയാണ്. റീസാ ടീച്ചർ ക്ലാസിൽ എത്താൻ വൈകിയപ്പോൾ നല്ല ബഹളം... 'എന്റെ വീട്ടിൽ സ്റ്റാർ ഇട്ടു, നിന്റെ വീട്ടിലില്ലല്ലോ'. 'ഞങ്ങടേത് പുതിയ സ്റ്റാറാ, ഒത്തിരി ഭംഗിയാ...' 'ഞങ്ങടെ നല്ല വാൽനക്ഷത്രമാണല്ലോ'... മറ്റൊരാൾ. 'ഞങ്ങളുടെ വീട്ടിൽ മൂന്നെണ്ണം ഉണ്ടല്ലോ...' 'എന്റെ വീട്ടിൽ ഏഴെണ്ണം ഉണ്ട്'. ഓരോരുത്തരായി ഉള്ളതും ഇല്ലാത്തതുമായ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരുന്നപ്പോൾ ടീച്ചർ ക്ലാസ്സിലെത്തി. "എന്താ ഇവിടെ ഒരു ബഹളം... ലീഡർ എന്തിയേ?" ലീഡർ സ്റ്റാറുകളുടെ എണ്ണം പറയുന്നതിൽ മുമ്പന്തിയിൽ! "സൈലൻസ് പ്ലീസ്!" ടീച്ചറുടെ ശബ്ദമുയർന്നു.

കുട്ടികൾ നിശബ്ദരായി, വിനുകുട്ടന്റെ മനസ് സങ്കടം കൊണ്ട് വിതുമ്പുകയായിരുന്നു. നൊമ്പരപ്പെടുന്ന അവന്റെ മനസ്സ് ടീച്ചർ കണ്ടു. "വിനുക്കുട്ടന് സുഖമില്ലേ? എന്താ മുഖം വാടിയിരിക്കുന്നത്?" "ടീച്ചറേ, അവന്റെ വീട്ടിൽ സ്റ്റാറില്ല, ഞങ്ങളുടെയെല്ലാം വീട്ടിലുണ്ട്. അതാ അവനു സങ്കടം". "ഒത്തിരിയുള്ളവർ ഒരെണ്ണം വിനുകുട്ടന് കൊടുത്താൽ പോരേ, അവനു സന്തോഷമാവില്ലേ..." ടീച്ചറു പറഞ്ഞുനിർത്തിയില്ല, അതിനുമുമ്പേ ഓരോരുത്തരായി 'ഞാൻ കൊടുക്കാം... ഞാൻ തരില്ല... ഞാൻ ഒരെണ്ണം തരാം...' ഓരോരുത്തരുടേയും മറുപടികൾ... അങ്ങനെ വിനുവിന് സ്റ്റാർ കിട്ടുമെന്ന് ഉറപ്പായി. അവന്റെ മുഖം പ്രസന്നമായി.

"നിങ്ങൾ സ്റ്റാറിനെ കുറിച്ചാണല്ലോ പറഞ്ഞുകൊണ്ടിരുന്നത്, എന്തിനാ വീട്ടിൽ സ്റ്റാർ ഇടുന്നത്? ഈ നക്ഷത്രം എന്താണ് നമ്മോട് പറയുന്നതെന്ന് അറിയാമോ?" "ഇല്ല". ടീച്ചർ പറഞ്ഞുതുടങ്ങി...

"പിതാവായ ദൈവം നമുക്കു രക്ഷകനായ ഈശോയെ വാഗ്ദാനം ചെയ്തതിന്റെ പൂർത്തീകരണമായി രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഉണ്ണീശോ ഈ ഭൂമിയിൽ ജനിച്ചു. അപ്പോൾ ജ്യോതിഷന്മാരായ രാജാക്കന്മാർക്ക് അടയാളമായി ആകാശത്ത് ഒരു വാൽനക്ഷത്രം തെളിഞ്ഞു. ഉണ്ണീശോ ജനിച്ച സ്ഥലം കാണിച്ചുകൊടുക്കുന്ന അടയാളമായി ഈ വാൽനക്ഷത്രം അവർക്കു വഴികാട്ടിയായി മുമ്പേ നീങ്ങിക്കൊണ്ടിരുന്നു. മൂന്നു രാജ്യത്തായിരുന്ന ഈ രാജാക്കന്മാർ ഒരു സ്ഥലത്തുവച്ച് ഒന്നിച്ചു. അവർ പരസ്പരം തങ്ങളെ ഒന്നിപ്പിച്ച നക്ഷത്രത്തെക്കുറിച്ചു സംസാരിച്ചു. അത്ഭുതത്തോടെ പിന്നെ അവർ മൂന്നുപേരുംകൂടി ഉണ്ണീശോയെ കാണാനായി ഒരുമിച്ചു യാത്രചെയ്തു. അങ്ങനെ ബേത്‌ലഹെമിലെ പുൽക്കൂട്ടിനു മുമ്പിൽ അതു നിലയുറപ്പിച്ചു. അവർ ഒട്ടകപുറത്തുനിന്നിറങ്ങി, തങ്ങളുടെ സമ്മാനവുമായി പുൽത്തൊട്ടിയിലേക്ക് നീങ്ങി. അവ സമർപ്പിച്ച് അവർ ഉണ്ണീശോയെ കണ്ട് ആരാധിച്ചു, മടങ്ങി. ഈ ഓർമ്മയാണ് നമ്മിലുണരേണ്ടത്".

ടീച്ചർ തുടർന്നു... "അതിനേക്കാളുപരിയായി നമ്മെ ഓർമ്മപ്പെടുത്തുന്ന ചില കാര്യങ്ങളുമുണ്ട്. ബേത്‌ലഹേമിലെ പുൽത്തൊഴുത്തിനുമുകളിൽ നിന്ന വാൽനക്ഷത്രം ഇവിടെയാണ് രക്ഷകൻ പിറന്നിരിക്കുന്നത് എന്ന് വിളിച്ചോതി. അതുപോലെ, ഇന്ന് ഓരോ വീടുകളിലും സ്റ്റാർ തെളിയുമ്പോൾ ഈ സത്യമാണ് നമ്മെ അനുസ്മരിപ്പിക്കേണ്ടത് - അതേ ഈ വീട്ടിലും രക്ഷകൻ പിറന്നിരിക്കുന്നു.



നമ്മുടെ ഹൃദയത്തിലും ഈശോ ജനിക്കണം.നമ്മുടെ വീട്ടിലും പുൽക്കൂട്ടിലും ക്രിസ്തുമസ് ട്രീയിലും എത്ര നക്ഷത്രങ്ങൾ തെളിഞ്ഞാലും ഉണ്ണീശോ ജനിക്കുന്നില്ലെങ്കിൽ യാതൊരർത്ഥവുമില്ല. ആയിരം പുൽക്കൂട്ടിൽ ഉണ്ണി പിറന്നാലും എന്റെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ ഉണ്ണി പിറന്നില്ലെങ്കിൽ എന്ത് ക്രിസ്തുമസ് ആഘോഷം? നമ്മിലെ ഹൃദയ നക്ഷത്രം മിന്നിത്തിളങ്ങട്ടെ. മന്നിലെ മന്നവനെ എതിരേല്ക്കാൻ ഹൃദയമാകുന്ന പുൽക്കൂട് സൽപ്രവൃത്തികളാലും സുകൃതങ്ങളാലും സജ്ജമാക്കാം. പരിശുദ്ധ അമ്മയുടെ ഉദരത്തിൽ വചനം മാംസം ധരിച്ചതുപോലെ ഓരോ മനുഷ്യഹൃദയത്തിലും ഈശോ മാംസം ധരിക്കണം. നമ്മിലൂടെ ഈശോയെ മറ്റുള്ളവർക്കു കൊടുക്കാനും മറ്റുള്ളവർക്കു നമ്മിൽ ഈശോയെ കാണാനും ഇടയാകണം". ക്ലാസ് കഴിഞ്ഞ് റീസാ ടീച്ചർ പോയി. ഇന്ന് ടീച്ചർ മൺമറഞ്ഞുപോയാലും ആ വാക്കുകൾക്ക് ജീവനുള്ളതുപോലെ എനിക്കനുഭവപ്പെടുന്നു...

മംഗളവാർത്തക്കാലത്ത് പരി. അമ്മയെ പ്രത്യേകമായി അനുസ്മരിക്കുകയും കൂടുതലായി വണങ്ങുകയും വേണം. ഈശോ കഴിഞ്ഞാൽ തിരുസ്സഭയിൽ ഏറ്റവും ഉന്നതമായ സ്ഥാനം വഹിക്കുന്നത് പരിശുദ്ധ അമ്മയാണ്; നാമുമായി ഏറ്റം അടുത്ത ബന്ധമുണ്ടായിരിക്കുന്നതും പരിശുദ്ധ അമ്മയ്ക്കാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ നമ്മെ പഠിപ്പിക്കുന്നു. വിശുദ്ധന്മാരോടു സമ്പർക്കം പുലർത്തി വിരാജിക്കുന്ന തിരുസ്സഭയിൽ വിശ്വാസികൾ മഹത്ത്വപൂർണ്ണയും നിത്യകന്യകയും നമ്മുടെ മാതാവുമായ മറിയത്തിന്റെ സ്മരണ ആചരിക്കേണ്ടതാണ്. മംഗളവാർത്താക്കാലത്തിലെ ആരാധനക്രമത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും എല്ലാം മാതാവിന്റെ സ്മരണ നിറഞ്ഞുനില്ക്കുന്നു.

പരിശുദ്ധ അമ്മയെക്കുറിച്ചുള്ള ചിന്തകളിൽ ഏറ്റം വിസ്മയം തോന്നിക്കുന്ന വചനമാണ് വെളി 12,1: "സ്വർഗ്ഗത്തിൽ വലിയൊരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ. ശിരസ്സിൽ 12 നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം". ഈശോയെ മനുഷ്യവംശത്തിനു പ്രദാനം ചെയ്യാൻ മാർഗ്ഗമൊരുക്കിയ പരിശുദ്ധ അമ്മയ്ക്കു ലഭിച്ച സമ്മാനമാണ് '12 നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം'. പഴയനിയമത്തിലെ ഇസ്രായേൽ 12 ഗോത്രങ്ങളാണല്ലോ. പുതിയ ഇസ്രായേലായ തിരുസഭ 12 ശ്ലീഹന്മാരാൽ പണിതുയർത്തപ്പെട്ടതും. ദൈവപിതാവിന്റെ പ്രിയപുത്രിയും ദൈവപുത്രന്റെ പരിശുദ്ധ ജനനിയും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമാണ് പരി. മറിയം. എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ച മറിയം ദൈവഹിതത്തിനുമുമ്പിൽ എപ്പോഴും 'ഇതാ ഞാൻ കർത്താവിന്റെ ദാസി' എന്ന മനോഭാവത്തോടെ ജീവിച്ച് മാതൃകയായവളാണ്. ജന്മപാപമില്ലാതെ സൃഷ്ടിക്കപ്പെട്ട പരിശുദ്ധ അമ്മയുടെ അമലോത്ഭവത്തിരുനാൾ കൂടിയാണ് ഡിസംബർ 8.

കാലിത്തൊഴുത്തിലെ പുൽക്കൂട്ടിൽ പരിശുദ്ധ അമ്മ മനുഷ്യകുലത്തിനായി രക്ഷകനായ ഉണ്ണീശോയെ നമുക്കു നല്കി; കാൽവരിയിലെ കുരിശിൽ കിടന്ന് രക്ഷകനായ ഈശോ മനുഷ്യകുലത്തിനായി സ്വന്തം അമ്മയെത്തന്നെ നല്കി. മറിയം, ഭൂമുഖത്തു തീർത്ഥാടനം ചെയ്യുന്ന ദൈവജനത്തിന്റെ സുനിശ്ചിതമായ പ്രതീക്ഷയുടെ അടയാളമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നു. 'അമ്മയിൽനിന്നു പഠിക്കുക, അമ്മയെ കണ്ടു പഠിക്കുക' എന്ന് പരിശുദ്ധ പിതാവ് ബനഡിക്റ്റ് പാപ്പാ പറയുന്നുണ്ട്. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്താൽ ഉണ്ണീശോയുടെ പ്രിയപ്പെട്ട വാൽനക്ഷത്രമായി നമുക്കു മാറാം.

ആനന്ദിച്ച് ആഹ്ലാദിക്കുവിൻ-3



# ഈശോയുടെ പാതയിൽ നടക്കുക

റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത

സമകാലിക പെലാജിയനിസത്തിന്റെ ലോകത്തിൽ മനുഷ്യർക്കുണ്ടായിരിക്കേണ്ട ഭാവം വി. കൊച്ചുത്രേസ്യായുടേതാണ്. ദൈവകൃപയ്ക്കു മുന്നിൽ വിനയത്തോടെ നില്ക്കുന്ന ഭാവം. തന്റെ സ്വന്തം പ്രവൃത്തികളിൽമാത്രം വിശ്വാസമർപ്പിക്കാതെ, ദൈവത്തിന്റെ കൃപയുടെ ദാനത്തിനായി കാത്തിരിക്കുന്ന വിശുദ്ധയാണിവൾ. "ഈ ജീവിതസായാഹ്നത്തിൽ ഒഴിഞ്ഞ കരങ്ങളുമായി ഞാൻ അവിടുത്തെ മുന്നിൽ പ്രത്യക്ഷപ്പെടും. എന്തെന്നാൽ, കർത്താവേ, എന്റെ പ്രവൃത്തികൾ എണ്ണാൻ ഞാൻ അവിടുത്തോട് അപേക്ഷിക്കുന്നില്ല. ഞങ്ങളുടെ നീതിക്കെല്ലാം അവിടുത്തെ ദൃഷ്ടിയിൽ കളങ്കങ്ങളുണ്ട്". കൃപയുടെ ദാനം മനുഷ്യബുദ്ധിയെയും മനസ്സിന്റെ ശക്തിയെയും അതിശയിക്കുന്നതാണ്.

സമകാലിക പെലാജിയനിസത്തിന്റെ ചിന്തകളെ പരാജയപ്പെടുത്തുവാൻ നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുകയും അവിടുത്തെ സ്വന്തമാകുകയും വേണം. നമ്മുടെ കഴിവുകളും പരിശ്രമങ്ങളുമെല്ലാം, നമ്മുടെ പ്രവർത്തനങ്ങളും സർഗ്ഗാത്മകതയുമെല്ലാം ദൈവത്തെ ഭരമേല്പിക്കണം. ദൈവത്തിന്റെ കരുണയും കൃപയും തേടുകയും ചെയ്യണം.

മറ്റൊരു തരത്തിലുള്ള പെലാജിയൻ ചിന്തയും ഇന്നത്തെ സമൂഹത്തിൽ നിലനില്ക്കുന്നുണ്ട്. സ്വന്തം നീതികൊണ്ട് സ്വയം നീതീകരണം സാധിക്കാമെന്നു വാദിക്കുന്ന ഇവർ മനുഷ്യമനസ്സിനെയും സ്വന്തം കഴിവിനെയും അമിതമായി ആരാധിക്കുന്നവർ ആണ്. അപരനോടു കരുതലും സ്നേഹവുമില്ലാതെ പ്രമാണിവർഗ്ഗത്തിന്റെ സ്വയം സംതൃപ്തിയുടെ ലോകത്തിൽ ജീവിക്കുന്നവരാണ് ഇക്കൂട്ടർ. ഇവരുടെ ചില പ്രത്യേകതകൾ താഴെപ്പറയുന്നവയാണ്:

നിയമത്തോടു കടുംപിടുത്തം നടത്തുന്ന മനോഭാവം, സാമൂഹികരാഷ്ട്രീയ മണ്ഡലങ്ങളോടുള്ള അടങ്ങാത്ത അഭിവാഞ്ഛ, സഭയുടെ പ്രബോധനം, ആരാധനക്രമം, പ്രശസ്തി എന്നിവയോട് അനുഷ്ഠാനപരമായ കർക്കശനിഷ്ഠയും അമിതതാല്പര്യവും, പ്രായോഗിക കാര്യങ്ങൾ ചെയ്യുവാനുള്ള കഴിവ് സംബന്ധിച്ച അനുചിതമായ പൊങ്ങച്ചം, സ്വയം സഹായ പദ്ധതികളോടും വ്യക്തിപരമായ നേട്ടത്തോടുമുള്ള അമിത ആഗ്രഹം.

തങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണം എന്ന ആഗ്രഹത്തിനുപരിയായി തങ്ങളുടെ സമയവും ഊർജ്ജവും ഇവർ ഈവക കാര്യങ്ങൾക്കായി നീക്കിവയ്ക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനു ചെവികൊടുക്കാതെ, ചില നിയമങ്ങൾക്കും ആചാരങ്ങൾക്കും പ്രവർത്തനങ്ങൾക്കും അമിത പ്രാധാന്യം നല്കുന്നത് അപകടകരമാണ്. കൃപയുടെ പ്രവർത്തനങ്ങൾക്ക് വാതിലുകൾ അവശേഷിപ്പിക്കാത്ത ഒരു രൂപരേഖ തയ്യാറാക്കാൻ ആരും ശ്രമിക്കരുതെന്നും പാപ്പാ ഓർമ്മിപ്പിക്കുന്നു.

### 3. ദിവ്യഗുരുവിന്റെ പ്രകാശത്തിൽ

വിശുദ്ധിയിലേക്കുള്ള ഒരു വ്യക്തിയുടെ യാത്രയിൽ അവനേതു മാർഗ്ഗത്തിൽ ചരിക്കണമെന്നു ചോദിച്ചാൽ ഈശോയുടെ പാതയിൽ നടക്കണം എന്നതാണ് ഉത്തരം. ഒരു നല്ല ക്രൈസ്തവനാകാനുള്ള മാർഗ്ഗവുമിതാണ്. ഗിരിപ്രഭാഷണത്തിൽ ഈശോ പഠിപ്പിച്ചത് ഒരുവൻ സ്വീകരിക്കുമ്പോൾ, ജീവിക്കുമ്പോൾ അവന് വിശുദ്ധിയുടെ മാർഗ്ഗത്തിൽ നീങ്ങാൻ സാധിക്കും. സുവിശേഷഭാഗ്യങ്ങൾ ഞാൻ ജീവിക്കുന്നതിലൂടെ എനിക്കു വിശുദ്ധി സംലഭ്യമാകും.

ഈശോയുടെ സന്ദേശങ്ങളും ലോകത്തിന്റെ യുക്തിചിന്തകളും നമുക്കു മുമ്പിൽ നില്ക്കുമ്പോൾ ഈശോയുടെ ശൈലികളിലേക്ക് ആകർഷണം തോന്നാമെങ്കിലും ലോകത്തിന്റെ ചിന്തകൾ ഒരുവനെ മറ്റൊരു ശൈലിയിലേക്ക് എത്തിക്കാറുണ്ട്. എന്നാൽ സുവിശേഷഭാഗ്യങ്ങൾക്കൊത്തുള്ള ജീവിതം പരിശുദ്ധാത്മശക്തിയാൽ നമ്മെ നിറയ്ക്കുകയും ലോകത്തിന്റെ ഒഴുക്കിനെതിരെ പ്രയാണം ചെയ്യാൻ സഹായിക്കുകയും ചെയ്യും. അപ്പോൾ നാം 'ഭാഗ്യവാന്മാർ' മാത്രമല്ല 'വിശുദ്ധർ'കൂടി ആയിത്തീരും.

### ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവരുടേതാണ്

തങ്ങളുടെ സമ്പത്തിൽ സുരക്ഷിതത്വം കണ്ടെത്തുന്നവർ ദൈവത്തിൽനിന്നും അകന്നുപോകുന്നു. അവരുടെ ശ്രദ്ധ മുഴുവൻ തങ്ങളുടെ ജീവിതം എപ്രകാരം സമ്പന്നപൂരിതമാക്കാമെന്നാണ്. ഭോഷനായ ധനികനെപ്പോലെ (ലൂക്കാ 12,16-21) സമ്പത്തിനെക്കുറിച്ചു ചിന്തിക്കുന്നവർ ദൈവവഴികളിൽ നിന്നുമാറി ലോകവഴികളിൽത്തന്നെയാണ്. സമ്പത്ത് ഒന്നും ഉറപ്പാക്കുന്നില്ല. ഭൗതികസമ്പത്തിൽ അമിതശ്രദ്ധ വയ്ക്കുന്നവൻ ദൈവവചനത്തിനും സഹോദരബന്ധത്തിനും സ്നേഹത്തിനും പ്രാധാന്യമേ കല്പിക്കുന്നില്ല. തന്മൂലം നാം സ്വർഗ്ഗരാജ്യം നഷ്ടപ്പെടുത്തുകയാണ്. സമ്പത്തിൽ ഹൃദയം വയ്ക്കുന്നവരിൽ ഈശോയ്ക്കു പ്രവേശിക്കുവാൻ സാധിക്കുന്നില്ല; എന്നാൽ ദരിദ്രമായ ഹൃദയമുള്ളവരിൽ നിത്യനൂതനത്വത്തോടെ അവിടുത്തേക്കു പ്രവേശിക്കുവാൻ സാധിക്കും.

ആത്മീയദാരിദ്ര്യമെന്നത്, വി. ഇഗ്നേഷ്യസ് ലെയോളായുടെ ഭാഷ്യത്തിൽ, ഒരു 'വിശുദ്ധമായ നിസ്സംഗത' (Holy indifference) ആണ്. ഭൗതികമായതിനോടുള്ള അമിത താല്പര്യത്തിൽനിന്നും മാറിനില്ക്കുന്ന ഒരു അവസ്ഥയാണിത്. നമ്മുടെ സ്വതന്ത്രമനസ്സിന് അനുവദനീയമാണെങ്കിലും ചില സൃഷ്ടവസ്തുക്കളോട് നിസ്സംഗരാകണം.

(തുടരും)



# ദൈവം നമ്മോടുകൂടെ

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ദൈ**വത്തിന്റെ പുത്രൻ കാലിത്തൊഴുത്തിൽ പിറന്നപ്പോൾ മാലാഖമാർ അവനു സ്തുതി പാടി, വിദൂരദേശങ്ങളിൽനിന്നും രാജാക്കന്മാർ അവനെ കാണാനെത്തി. രാത്രിയിൽ ആടു മേയിച്ചിരുന്നവർ തങ്ങൾ കേട്ട കാര്യത്തെക്കുറിച്ച് ബോദ്ധ്യം വരുത്തേണ്ടതിന് അവന്റെ സന്നിധിയിലെത്തി. പക്ഷേ, സമീപത്തെ സത്രം സൂക്ഷിപ്പുകാരനോ ആ സത്രത്തിൽ, ഇനിയൊരാൾക്കു പ്രവേശനമില്ലാത്തവിധം തിങ്ങിയിരുന്ന ജനങ്ങളോ ആ കുഞ്ഞിന്റെ കരച്ചിൽ കേട്ടിട്ടുണ്ടാവില്ല.

'എമ്മാനുവേൽ'... അതായിരുന്നു ദൈവപുത്രന്റെ നാമം. അർത്ഥം 'ദൈവം നമ്മോടുകൂടെ'. കൂടെയുണ്ട് അവൻ ശക്തിയായി... സാന്നിദ്ധ്യമായി... അറിയുന്നുണ്ടോ നാമത്? ഇവിടെ സ്ഥലമില്ല എന്നു പറഞ്ഞ് ഇറക്കിവിടുന്ന സത്രക്കാരൻ അറിഞ്ഞുവോ താൻ സ്ഥലം കൊടുക്കാതിരുന്നത് സകലത്തിന്റെയും ഉടയവനായ ദൈവത്തിനാണെന്നത്... അറിഞ്ഞിരുന്നെങ്കിൽ എങ്ങനെ സ്വീകരിച്ചേനെ?

'നിന്റെ അടുത്തുകൂടി കടന്നുപോകുന്ന ഒരോരുത്തനും നിന്റെ സഹോദരനാണ്' എന്ന ദൈവദാസൻ ജകീന്താ പിതാവിന്റെ വാക്കുകൾ ഈ മംഗളവാർത്തക്കാലത്തിൽ നമ്മുടെ ഹൃദയങ്ങളിൽ സൂക്ഷിക്കാം. ഒരു സാന്ത്വനമോ, പുഞ്ചിരിയോ, പ്രോത്സാഹനമോ നല്കി സഹോദരങ്ങളിലുള്ള ഈശോയെ നമ്മുടെ ഹൃദയത്തിലും സ്വീകരിക്കാം. ഇവ ഏറ്റം നിസ്സാരമായ പുണ്യങ്ങളാണ്. പക്ഷേ, ഇവയിൽപ്പോലും കുറവുവരുത്തുന്ന ഹൃദയത്തിൽ ഈശോയ്ക്കെങ്ങനെ സന്തോഷത്തോടെ വസിക്കാനാവും?

'ദൈവം നമ്മോടുകൂടെയുണ്ട്'; പക്ഷേ നമ്മുടെ സഹോദരങ്ങളിലൂടെയാണ്. 'ഞാൻതന്നെ നിന്നോടുകൂടെ വരികയും നിന്നെ ശക്തിപ്പെടുത്തുകയും ചെയ്യും' എന്ന് മോശയോടു പറഞ്ഞ ദൈവം മോശയുടെകൂടെ സദാ സമയവും പ്രത്യക്ഷത്തിൽ നടന്നില്ല. പക്ഷേ, അഹറോനെ സഹായിയായി നല്കി. മോശ അഹറോനിൽ ദൈവസഹായം ദർശിക്കുകയും ചെയ്തു.

സഹോദരങ്ങളിലൂടെ സഹായിക്കുകയും ശക്തിപ്പെടുത്തുകയും കൂടെയായിരിക്കുകയും ചെയ്യുന്ന ദൈവത്തെ കണ്ടെത്തി, നന്ദി പറഞ്ഞ് സന്തോഷത്തോടെ അവനു പിറക്കാൻ ഹൃദയത്തിൽ സ്ഥലമൊരുക്കാം.



# എനിക്കാര് ?



സാബി, കോഴിക്കോട്

**ഇ**ടവകയിൽ ഗംഭീരമായ കൺവെൻഷൻ നടക്കുകയാണ്. വികാരിയച്ചൻ ഓടിനടന്ന് കൂട്ടായ്മകളെ വാർഡുകളാക്കി ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കി. കപ്പൂച്ചിനച്ചന്മാർ കൂട്ടായ്മകളിലെത്തി. കൊച്ചുകുട്ടികൾമുതൽ കാരണവന്മാർവരെ എല്ലാവരും ദൈവവചനം കേൾക്കാനുള്ള ആകാംക്ഷയോടെ കണ്ണും കാതും കൂർപ്പിച്ചിരിക്കുകയാണ്. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തെക്കുറിച്ച് അച്ചൻ ഗംഭീരമായി പ്രസംഗിച്ചു. വിശ്വാസത്തിന്റെ ആഴങ്ങളെക്കുറിച്ച് വച്ചടിച്ച അച്ചനും വിശ്വാസത്തിന് 'വള്ളിപുള്ളി മാറ്റം വരുത്താത്തവർ' എന്ന അഹങ്കാരത്തോടെയിരിക്കുന്ന വിശ്വാസിഗണത്തിനും സന്തോഷനിമിഷങ്ങൾ... പൊടുന്നനവെ അച്ചനൊരു ചോദ്യം: "പ്രിയ മാതാപിതാക്കളേ, കുഞ്ഞുമക്കളേ, നിങ്ങളുടെ ജീവിതത്തിൽ കർത്താവാരാണ്?" അതുവരെ വാ പൊളിച്ചിരുന്ന കുട്ടികളുടെ വായടഞ്ഞു. കണ്ണും തുറിച്ച് നെഞ്ചും വിരിച്ചിരുന്ന കാരണവന്മാരുടെ തലകൾ സാവധാനം കുനിഞ്ഞു. സ്ത്രീജനങ്ങളാകട്ടെ, ശിരസ്സിലിട്ടിരുന്ന വസ്ത്രത്തലപ്പ് ഒന്നുകൂടെ വലിച്ചിട്ട് മുഖം കാണാത്തവിധം ഭവ്യത കാണിച്ചു. എങ്ങും ഒരു മരിച്ച വീടിന്റെ നിശബ്ദത!

ആരും മറുപടി പറയാതിരുന്നപ്പോൾ ഒരു മതാദ്ധ്യാപകൻ എന്ന നിലയിൽ എന്റെയും ചങ്കിടിപ്പു വർദ്ധിച്ചു. ദൈവമേ, ഇത്രയും വർഷങ്ങൾ ഞാനെന്താണു പഠിപ്പിച്ചത്... ചോദ്യം മനസ്സിലാകാഞ്ഞിട്ടാണെന്നു കരുതി അച്ചൻ ചോദ്യം ഒന്നുകൂടി ലളിതമാക്കി. നാം ബൈബിളിൽനിന്നു വായിക്കുന്നതോ മതപഠനക്ലാസ്സിൽ പഠിച്ചതോ ആയ ഉത്തരമല്ല ഞാൻ ചോദിക്കുന്നത്. മറിച്ച്, 'നിന്റെ വ്യക്തിപരമായ ജീവിതത്തിൽ ഈശോ നിനക്കാരാണ്?'

പിതാവാണെന്നും പുത്രനാണെന്നും ദൈവമാണെന്നുമൊക്കെ രണ്ടുമൂന്നുപേർ വിക്കിവിക്കി പറഞ്ഞൊപ്പിച്ചു. ആർക്കും വ്യക്തമായ ധാരണകളില്ല. എന്നാൽ ആ വാർഡിൽ ഏറ്റം അധികം വേദനയനുഭവിക്കുന്ന ഒരമ്മ ഇപ്രകാരം പറഞ്ഞു: "എന്റെ വേദനകളെല്ലാം ഏറ്റെടു

ക്കുവാൻ കഴിവുള്ള, എന്നെ രക്ഷയിലേക്കു നയിക്കുന്ന, എന്റെ കൂടെ നടക്കുന്ന, ഏറ്റവും അടുത്ത സുഹൃത്താണ് എനിക്കീശോ. വികാരിയച്ചന്റെ മുഖത്ത് കാർമേഘം മാറി നീലാകാശം തെളിഞ്ഞ ഒരു പ്രതീതി പ്രകടമായി.

ഒരു ജീവിതം മുഴുവൻ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ഏറ്റുവാങ്ങി മിശിഹായെ അനുഗമിക്കുന്നവർ എന്നും പാരമ്പര്യക്രിസ്ത്യാനികളെന്നും വീരവാദം മുഴക്കുന്ന നമുക്ക് മിശിഹാ ആരെന്ന് ഏറ്റുപറയുവാൻ കഴിഞ്ഞില്ലെങ്കിൽ എവിടെയാണ് നമ്മുടെ ആത്മീയത എത്തിനില്ക്കുന്നത്? ക്രിസ്ത്യാനിയെന്നാൽ ക്രിസ്തുവിനെ ഭിത്തിയിൽ തൂക്കുന്നവനല്ല, ക്രിസ്ത്യാനിയായി അഭിനയിക്കുന്നവനുമല്ല, പണ്ടാരോ തലയിൽ മാമ്മോദീസാവെള്ളം കോരിയൊഴിച്ചതുകൊണ്ട് ക്രിസ്ത്യാനിയാകാൻ വിധിക്കപ്പെട്ടവനുമല്ല. മറിച്ച് രക്ഷകനായ മിശിഹാ തന്റെ ജീവനും ജീവിതവും നല്കി വീണ്ടെടുത്തവരാണ് നാമെന്ന ബോദ്ധ്യം എത്ര പേർക്കുണ്ട്?

ക്രിസ്തുമതത്തെക്കുറിച്ചോ അവനിലുള്ള വിശ്വാസത്തെക്കുറിച്ചോ ഒരു പ്രബന്ധമെഴുതാൻ ഒരു ബുദ്ധിമുട്ടും നമുക്കുണ്ടാവില്ല. തിരുവചനം മുഴുവൻ അക്കമിട്ടു മനഃപാഠമാക്കുന്നവരും നമ്മിലുണ്ട്. എന്നാൽ വ്യക്തിപരമായി മിശിഹാ എന്റെയുള്ളിൽ കുടിയിരുപ്പുണ്ടോ എന്നതിൽ സംശയിക്കേണ്ടിരിക്കുന്നു. ഒരു പാട്ടിന്റെ വരികൾ വളരെ പ്രസക്തമായി തോന്നുന്നു:

> അറിവല്ല എന്നുടെ ദൈവം
> വെറും അനുഭൂതിയല്ലെന്റെ ദൈവം
> ഹൃദയത്തിനുള്ളിൽ അഗാധതയിൽ
> അനുഭവമാണെന്റെ ദൈവം

ദൈവത്തെക്കുറിച്ചുള്ള അറിവിന് ഗ്രന്ഥങ്ങളും മാദ്ധ്യമങ്ങളും നമ്മുടെ കൂട്ടിനുണ്ട്. ദൈവികാനുഭൂതിയിൽ ലയിക്കുവാൻ ധ്യാനകേന്ദ്രങ്ങൾ നമ്മെ സഹായിക്കും. എന്നാൽ ദുഃഖങ്ങളും സഹനങ്ങളും നിറഞ്ഞ എന്റെ പച്ചയായ ജീവിതത്തിൽ ദൈവത്തെ അനുഭവിക്കുവാൻ നാം തൊട്ടറിഞ്ഞ മിശിഹാനുഭവത്തിനേ കഴിയൂ. അല്ലെങ്കിൽ പെന്തക്കോസ്തുകാരുടെ വചനക്കാറ്റേറ്റോ ആധുനികമാധ്യമ വിചാരണകളുടെ കനൽക്കാറ്റേറ്റോ തകർന്നുപോകും നമ്മുടെ പൊള്ളയായ വിശ്വാസചീട്ടുകൊട്ടാരം.

സുവിശേഷത്തിൽ ഉദ്ബോധിപ്പിക്കുന്നതുപോലെ വ്യക്തിപരമായ മിശിഹാനുഭവത്തിനായി നീ നിന്റെ മുറിയിൽ കടന്ന് രഹസ്യത്തിൽ നീയുമായി ബന്ധം സ്ഥാപിക്കാനാഗ്രഹിക്കുന്ന മിശിഹായോട് സംവദിക്കൂ... മിശിഹാനുഭവത്തിനായി നാം സമീപിക്കേണ്ട പ്രഥമവും പ്രധാനവുമായ വേദി സഭയാണ്; പരിശുദ്ധ കുർബാനയാണ്. സഭയാകുന്ന നീർച്ചാലിൽനിന്ന് കൃപാവരങ്ങൾ ഒഴുകിയെത്തുന്ന കൂദാശകളെ സ്നേഹത്തോടെ സ്വീകരിച്ചേ മതിയാകൂ.

നിന്റെ രക്ഷയ്ക്കുവേണ്ടി മാത്രം അനുദിനം ബലിയാകുന്ന, സ്വയം മുറിച്ചു വിളമ്പുന്ന മിശിഹായെ ഉൾക്കൊണ്ട് ജീവിതപങ്കാളിക്കുവേണ്ടി സ്നേഹപൂർവം മുറിച്ചുവിളമ്പാൻ തയ്യാറായാൽ, എത്ര സ്നേഹിച്ചിട്ടും മാതാപിതാക്കളുടെ സ്നേഹത്തെ വലിച്ചെറിഞ്ഞു കടന്നുപോകുന്ന ധൂർത്തപുത്രന്മാരെ ക്ഷമയോടെ കാത്തിരിക്കുവാൻ സ്വർഗ്ഗീയ പിതാവിന്റെ ഹൃദയം സ്വന്തമാക്കുവാനറിഞ്ഞാൽ, ആർക്കും വേണ്ടാത്ത ചുക്കിച്ചുളിഞ്ഞ ജീവിതങ്ങൾക്ക് മിശിഹായുടെ സ്നേഹത്തിന്റെ തലോടലേകാൻ കഴിഞ്ഞാൽ, പരസ്പരം കലഹിച്ചു നില്ക്കുന്ന അയൽബന്ധങ്ങളിൽ സമാധാനത്തിന്റെ ചെറുകണമാകാൻ കഴിഞ്ഞാൽ മിശിഹാ നിന്നിൽ രക്ഷകനായി വന്നു പിറക്കും.

തിരക്കേറിയ ജീവിതവഴികളിൽ അനുദിനം പ്രഭാതംമുതൽ പ്രദോഷംവരെ നിന്നെ കണ്ണിമയ്ക്കാതെ കാത്തിരിക്കുകയും ഒരു പോറലുമേല്ക്കാതെ ചേർത്തുനിർത്തുകയും ചെയ്യുന്ന പൊന്നുതമ്പുരാന്റെ മഹാത്ഭുതങ്ങളെ കണ്ണുതുറന്നു കാണുമ്പോൾ, നിനക്കും ചങ്കൂറ്റത്തോടെ വിളിച്ചുപറയാനാവും ഇതാ എന്റെ എല്ലാമെല്ലാമായവൻ, എന്റെയും നിങ്ങളുടെയും ദിവ്യരക്ഷകൻ നമ്മുടെ ഹൃദയമാകുന്ന പുൽക്കൂട്ടിൽ വന്നു പിറന്നിരിക്കുന്നുവെന്ന്... ഈ ക്രിസ്തുമസ് നിനക്കു നല്കുന്ന സമ്മാനം നിന്റെ ജീവിതത്തിൽ മിശിഹായെ അനുഭവിച്ചറിയലാവട്ടെ... അനുഭവിച്ചറിഞ്ഞവനെ പ്രഘോഷിക്കലാവട്ടെ...!



# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

സീറോ മലബാർ സഭയുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലംകൊണ്ടാണല്ലോ. മംഗളകരമായ വാർത്ത മിശിഹായിലൂടെയുള്ള രക്ഷയുടെ വാർത്തയാണ്. മനുഷ്യകുലത്തിനു മുഴുവനും മംഗളകരമായ വാർത്തയാണത്. ഈശോയുടെ ജനനസന്ദർഭത്തിൽ സ്വർഗത്തിൽനിന്നും അറിയിക്കപ്പെട്ട വാർത്തയാണത്: “ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ, ഇന്നു ജനിച്ചിരിക്കുന്നു” (ലൂക്കാ 2,10–11). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ, വികലമാക്കുകയും പാപം ചെയ്തു നഷ്ടപ്പെടുത്തുകയും ചെയ്ത ആ ദൈവസാദൃശ്യം – ദൈവപുത്രത്വവും പരിശുദ്ധിയും – വീണ്ടെടുക്കാൻ ദൈവപുത്രൻതന്നെ മനുഷ്യസാദൃശ്യത്തിൽ നമ്മുടെ മദ്ധ്യേ കടന്നുവന്നിരിക്കുന്നു എന്ന സന്തോഷത്തിന്റെ സദ്വാർത്തയാണത്. അതു നഷ്ടപ്പെടാൻ കാരണം നന്മതിന്മകളുടെ തിരിച്ചറിവിന്റെ മാനദണ്ഡമായ ‘വചന’ത്തെ പ്രതിനിധീകരിക്കുന്ന വൃക്ഷത്തിൽനിന്നും ദൈവഹിതത്തിനു വിരുദ്ധമായി മനുഷ്യൻ ഭക്ഷിച്ചു എന്നതാണ്. “നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ” എന്നു പറഞ്ഞ് ഭാഗ്യവതിയായിത്തീർന്ന നമ്മുടെ അമ്മ പരിശുദ്ധ കന്യകാമറിയത്തെപ്പോലെ, ദൈവഹിതമനുസരിച്ചു ജീവിച്ച്, ദൈവസാദൃശ്യം – ദൈവപുത്രത്വവും പരിശുദ്ധിയും – നമുക്കു വീണ്ടെടുക്കാം. അതിനു നമ്മുടെ ജനങ്ങളെ പ്രാപ്തരാക്കാം. മംഗളവാർത്തക്കാലത്തിന്റെ മംഗളാശംസകളോടെ,

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2018 നവംബർ 26 മുതൽ 28 വരെ റോമിൽ വച്ചു നടക്കുന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി, ജനറൽ മേജർ ഫാദർ, ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ നവംബർ 25–ാം തീയതി റോമിലേക്കു പോകും. ജനറൽ കൗൺസിൽ മീറ്റിംഗിനുശേഷം നവംബർ 29–30 തീയതികളിൽ റോമിൽവച്ചുതന്നെ നടക്കുന്ന, ‘പരമാവധിസ്നേഹത്തിന്റെ പ്രേഷിതകുടുംബ’ത്തിലെ മൂന്ന് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഫെഡറേഷൻ മീറ്റിംഗിലും സംബന്ധിക്കും. ഫെഡറേഷൻ മീറ്റിംഗിൽ “ആനന്ദിച്ച് ആഹ്ലാദിക്കുവിൻ എന്ന ശ്ലൈഹിക പ്രബോധനവും ദൈവദാസൻ വില്യം ജകൗീന്തായുടെ കാരിസവും” എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചയ്ക്ക് നേതൃത്വം നല്കുകയും ചെയ്യും. സമ്മേളനങ്ങളെല്ലാം കഴിഞ്ഞ് ഡിസംബർ 6–ാം തീയതി ഇന്ത്യയിൽ തിരിച്ചെത്തും.

–സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം–686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# കാവലാൾ -11

ജാൻസിറ്റീച്ചർ, കറുകപ്പറമ്പിൽ

**കി**ഴക്കൻ നാട്ടിൽനിന്നുള്ള ആ യാത്ര സ്റ്റീനായ്ക്ക് ഒരു പ്രത്യേക അനുഭവമായിരുന്നു. തണുത്ത കാറ്റ് ശുദ്ധമായ വായുവും സുഗന്ധവും കൊണ്ടുവന്ന് അവളുടെ മുഖത്ത് തഴുകി കടന്നുപൊയ്ക്കൊണ്ടിരുന്നു. അകലെ മലനിരകളും അതിൽനിന്ന് വെള്ളിനിറത്തിലൊഴുകുന്ന അരുവികളും കണ്ണിന് ഒരു പ്രത്യേക വിരുന്നായിരുന്നു. കുഞ്ഞാന്റി നല്ല ഉറക്കത്തിൽ വല്യമ്മച്ചിയോട് എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. മരിച്ചുപോയവരുടെ അവസ്ഥ എന്തായിരിക്കും എന്നവൾ ചിന്തിച്ചു. ശുദ്ധീകരണസ്ഥലത്തുള്ള ആത്മാക്കൾ നമ്മുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു. അവർക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കുമ്പോൾ അവർക്ക് ആശ്വാസം ലഭിക്കുമെന്നും അവർ നമുക്ക് സഹായകമാകുമെന്നും ഗൊരേത്തിയമ്മ പറഞ്ഞിരുന്നത് അവൾ ഓർത്തു. നവംബർമാസം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കായി പ്രത്യേകം പ്രാർത്ഥിക്കുവാൻ സഭ നിഷ്ക്കർഷിച്ചിരിക്കുന്ന മാസമാണ്.

"മോളേ, നിനക്കു ദാഹിക്കുന്നുണ്ടോ? ഇവിടെ കുറച്ചു സമയം വണ്ടി കിടക്കും. ഞാൻ എന്തെങ്കിലും വാങ്ങാം".



"വേണ്ട കുഞ്ഞാന്റി, എനിക്കു ദാഹമൊന്നുമില്ല. കുഞ്ഞാന്റീ, നമ്മുടെ അമ്മച്ചി ഇപ്പോൾ ശുദ്ധീകരണസ്ഥലത്തായിരിക്കുമല്ലേ? അമ്മച്ചിയുടെ ആത്മാവിനുവേണ്ടി നമുക്കു പ്രാർത്ഥിക്കണം. പിന്നെ കുറച്ചു ത്യാഗങ്ങൾ ചെയ്ത് അമ്മച്ചിയുടെ ആത്മാവിനുവേണ്ടി കാഴ്ചവയ്ക്കണം".

കുഞ്ഞാന്റിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയപ്പോൾ സ്റ്റീനായ്ക്കു സങ്കടം വന്നു. "മോൾക്കറിയുമോ... ജീവിതത്തിൽ ഒത്തിരി വേദന സഹിച്ച ആളാണ് അമ്മച്ചി. പക്ഷേ, ദൈവത്തിലുള്ള ആശ്രയം - അതു വളരെ വലുതായിരുന്നു. ഏറെ സഹിച്ചിട്ടുള്ളവർക്ക് മരണശേഷം ദൈവത്തിന്റെ അടുത്തേക്ക് വേഗം പോകാം. അതുകൊണ്ട് അമ്മച്ചി ഇപ്പോൾ ഈശോയുടെ കയ്യിലായിരിക്കും".

ബസ്‌യാത്ര മുന്നോട്ടു നീങ്ങിയപ്പോൾ കുഞ്ഞാന്റി വീണ്ടും ഉറക്കത്തിലേക്കു വഴുതിവീണു. പക്ഷേ, സ്റ്റീനാ കുഞ്ഞാന്റി പറഞ്ഞതിനെക്കുറിച്ചുതന്നെ ചിന്തിച്ചുകൊണ്ടിരുന്നു. 'സഹിച്ചാൽ അതു പുണ്യമാക്കി മാറ്റാം' എന്നവൾക്കറിയാമായിരുന്നു. പക്ഷേ, സഹനം ശുദ്ധീകരണകാലാവധി കുറയ്ക്കുമെന്ന അറിവ് അവളിലേക്ക് മറ്റു ചില ഉൾക്കാഴ്ചകൾ കൊണ്ടുവന്നു. സഹനം ഏറ്റെടുത്താൽ അത് കുറച്ചുകൂടി പുണ്യമാകുമല്ലോ.

മഠത്തിന്റെ ഗേറ്റു കടന്ന് അവർ ആദ്യം ചാപ്പലിലേക്കുപോയി. അവിടെ അവളുടെ ക്ലാസ്സിലെ സൗമ്യ തല കുമ്പിട്ട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് അവൾ കണ്ടു. എന്തോ ഒരു വിഷമം അവൾക്കുണ്ടെന്ന് സ്റ്റീനായ്ക്കു തോന്നി. അവർ ഓർഫനേജിന്റെ ഹാളിലേക്കു കയറിയപ്പോൾ മാഗിസിസ്റ്റർ അവിടെ പത്രം വായിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. അവർ ചിരിച്ചുകാണിച്ചെങ്കിലും സിസ്റ്ററിന്റെ മുഖം അത്ര പ്രസന്നമായിരുന്നില്ല. കുഞ്ഞാന്റി സിസ്റ്ററിനെ നോക്കി "ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ" എന്നു പറഞ്ഞു. പക്ഷേ, സിസ്റ്റർ അതു കേട്ടതായി നടിച്ചില്ല. അപ്പോഴാണ് ഗൊരേത്തിയമ്മ അങ്ങോട്ടുവന്നത്. "ആ എത്തിയോ? മദറിന്റെ അടുത്തേക്ക് നമുക്കു പോകാം. വാ..." മദറിന്റെ അടുത്തേക്കു നടക്കുമ്പോൾ ഗൊരേത്തിയമ്മ ചോദിച്ചു: "ഇന്നു പള്ളിയിൽ അമ്മച്ചിയുടെ അടുത്ത് പോയിട്ടാണോ വന്നത്?" "ഉം". "ഒത്തിരി സഹിച്ചു. പാവം. കർത്താവിന്റെ അടുത്ത് ആനന്ദം കിട്ടി. നമ്മൾക്കു നന്ദി പറയാം. ഇട്ടു നരകിപ്പിച്ചില്ലല്ലോ... ആ മോളേ, നിന്റെ പേരെന്തായിരുന്നു?" "കുഞ്ഞുമോളെന്നാ എല്ലാരും വിളിക്കുന്നെ". "ആ കുഞ്ഞുമോളുടെ കാര്യം ഞാൻ മദറിനോടു പറഞ്ഞു. ഇപ്പോൾ പ്രൊവിൻഷ്യൽ ഹൗസിൽ അടുക്കളജോലിയിൽ കുറച്ചു സഹായിക്കണം. പിന്നെ നമുക്കൊരു തയ്യൽ യൂണിറ്റുണ്ട്. ചിത്തോലയും കാപ്പയുമൊക്കെ തയിക്കുന്ന സ്ഥലമാ. അവിടേക്കു വിടും. ആ പിന്നെ വീട്ടുസാധനങ്ങളൊക്കെ എന്തു ചെയ്തു?"



"അടുത്തുള്ളവർക്കു കൊടുത്തു. അധികമൊന്നുമില്ലായിരുന്നു... ഒരു കട്ടിലും കുറച്ചു പാത്രങ്ങളും"...

"മദറേ, ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ"

"നിങ്ങളെത്തിയോ? വല്ലതും കഴിച്ചിട്ട് നമുക്ക് പ്രൊവിൻഷ്യൽ ഹൗസിലേക്കു പോകാം. സ്റ്റീനാ, മോളിനി ശാലയിലേക്കു പൊയ്ക്കോ".

"ഉവ്വ് മദറേ". ആഹാരം കഴിച്ചുകഴിഞ്ഞപ്പോൾ സ്റ്റീനാ കുഞ്ഞാന്റിയെ കെട്ടിപ്പിടിച്ചു കരഞ്ഞു. "കുഞ്ഞാന്റി എന്തു വന്നാലും നമുക്കു പിടിച്ചുനില്ക്കണം. നമ്മുടെ അമ്മച്ചി നമുക്കുവേണ്ടി ശരിക്കും പ്രാർത്ഥിക്കും. പിന്നെ മാഗിയമ്മയെപ്പോലുള്ളവരൊക്കെ കാണും. പക്ഷേ, കുഞ്ഞാന്റി ആ വേദനയും ഈശോയ്ക്കു കാഴ്ചവയ്ക്കണം കേട്ടോ. ഞാൻ പൊയ്ക്കോട്ടെ..."

"ഉം".

സ്റ്റീനാ ഓർഫനേജിൽ വീണ്ടും ചെന്നപ്പോൾ മേഴ്സി കട്ടിലിൽ കിടക്കുകയായിരുന്നു.

"എന്തുപറ്റി മേഴ്സി?"

"എടീ, ആ സൗമ്യ..."

"സൗമ്യയ്ക്കെന്തു പറ്റി? അവളവിടെ പള്ളിയിലിരുന്ന് കരയുന്നതു കണ്ടു"

"ഞങ്ങൾ രണ്ടുപേരുംകൂടെ ഇന്നലെ കടയിൽപോയി. പക്ഷേ, തന്നുവിട്ട പൈസ എവിടെയോ നഷ്ടപ്പെട്ടു. അതിന്റെപേരിൽ ഇന്നലെ മുഴുവൻ മാഗിയമ്മ ഞങ്ങളെ..."

"സാരമില്ലെടീ...പക്ഷേ ആ പൈസ... 5000 രൂപയല്ലേ?"

"ങ്ഹാ"

"അതു പോയിട്ടില്ലല്ലോ"

"പിന്നെ..."

"എടീ അത് അവിടെത്തന്നെ ഇരിപ്പുണ്ട്. നിങ്ങളത് എടുത്തോണ്ടുപോയ ബിഗ്ഷോപ്പറിൽ ഒരു പ്ലാസ്റ്റിക് കവറിൽ വച്ചില്ലേ?"

"ഉം"

"ആ കവറ് കൊണ്ടുപോയിട്ടില്ല. സൗമ്യയുടെ ബുക്ക് വച്ചിരിക്കുന്നിടത്ത് തപ്പാം. വാ..."


കൃത്യമായി ആ സത്യം സ്റ്റീനായ്ക്ക് മനസ്സിൽ തോന്നലായി നല്കപ്പെടുകയായിരുന്നു. അവർ ചെന്നുനോക്കിയപ്പോൾ പണം വച്ചിരുന്ന കവറ് കണ്ടു.

മേഴ്സി ഓടിച്ചെന്ന് സൗമ്യായെ വിളിച്ചുകൊണ്ടു വന്നു. വരുന്ന വഴിക്ക് എല്ലാ കാര്യങ്ങളും അവൾ സൗമ്യയോടു പറഞ്ഞു. സൗമ്യ വന്നപാടെ സ്റ്റീനായെ നോക്കി കൈകൂപ്പി.

"പോടീ... നീ കർത്താവിനു നന്ദി പറ. പൈസ ഗൊരേത്തിയമ്മയുടെ കയ്യിൽ കൊടുക്ക്"

"സ്റ്റീനാ... ദൈവം നിന്നിൽ വളരെ ശക്തമായി പ്രവർത്തിക്കുന്നു മോളേ... കൂടുതൽ എളിമയും വിവേകവും ഉള്ളവളാകണം കേട്ടോ..." ഗൊരേത്തിയമ്മ അതു പറഞ്ഞപ്പോൾ സ്റ്റീനാ ദൈവസന്നിധിയിൽ നന്ദി പറയുകയായിരുന്നു.

(തുടരും)



# കുമ്പസാരത്തിന്റെ കാണാപ്പുറങ്ങൾ

(തുടർച്ച)

റവ. ഡോ. ജേക്കബ് കോയിപ്പള്ളി
ചങ്ങനാശ്ശേരി അതിരൂപത

**പാ**പങ്ങൾ മോചിക്കുവാൻ സഭയെ ചുമതലപ്പെടുത്തിയത് ദൈവപുത്രനായ ഈശോതന്നെയാണ്. ശിഷ്യന്മാരെ അവൻ വിളിച്ചപ്പോൾത്തന്നെ പിശാചിനെ ബഹിഷ്കരിക്കുക അഥവാ തിന്മയെ ബഹിഷ്കരിക്കുക എന്ന ഒരു ദൗത്യംകൂടി അവരെ ഭരമേല്പിക്കുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായത്തിൽ, “നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും” എന്ന് ഈശോ പ്രഖ്യാപിക്കുന്നുമുണ്ട്. കർത്താവു നടത്തിയ സൗഖ്യത്തിന്റെയും പാപമോചനത്തിന്റെയും തുടർച്ചയാണ് ഇന്നും കുമ്പസാരക്കൂട്ടിൽ നിറവേറ്റപ്പെടുക. ഈശോ സ്ഥാപിച്ചനുഗ്രഹിച്ച ഈ കൂദാശയുടെ പ്രായോഗികമായ പിന്തുടർച്ച വൈദികനിലൂടെ ഇന്നും സഭ തുടരുന്നു.

പാപമോചനകൂദാശ പ്രാർത്ഥനയുടെ ഏറ്റവും ചെറിയ രൂപത്തിൽപോലും പാപങ്ങൾ മോചിക്കുന്നത് കർത്താവാണെന്നും വൈദികൻ ശുശ്രൂഷകൻ മാത്രമാണെന്നും സുവിദിതമാകുന്നു: “അനുതപിക്കുന്ന പാപികളെ വിശുദ്ധീകരിക്കുന്ന കർത്താവിന്റെ കൃപയാൽ നിന്റെ പാപങ്ങളിൽനിന്ന് നീ മോചിക്കപ്പെട്ടിരിക്കുന്നു”. പാപങ്ങൾ മോചിക്കുവാൻ അധികാരമുള്ള ദൈവപുത്രൻ തന്റെ അധികാരം ശിഷ്യർക്കു പകർന്നു നല്കിയതുവഴിയാണ് പുരോഹിതർക്ക് ഈശോയുടെ പ്രതിപുരുഷരായി പാപങ്ങൾ ക്ഷമിക്കുവാൻ കഴിയുന്നത്.

കുമ്പസാരത്തെ അർത്ഥവത്താക്കുക ഒരുവനിലെ പശ്ചാത്താപമാണ്. ആത്മാർത്ഥമായ പശ്ചാത്താപം പാപത്തിന്റെ സാഹചര്യങ്ങൾ ഒഴിവാക്കുക എന്നതിൽ അടങ്ങിയിരിക്കുന്നു. അനുതാപവും പ്രായശ്ചിത്തവും ഒരുവനെ എത്തിക്കുക സൃഷ്ടിയുടെ നൈർമ്മല്യത്തിലേക്കാണ്. കുമ്പസാരമെന്നത് ശിക്ഷയുടെയോ വഴക്കിന്റെയോ കുറ്റവിചാരണകളുടെയോ ഇടമല്ല, മറിച്ച്, അനുതാപിയെ സ്നേഹിക്കുന്ന ദൈവത്തിന്റെ തോളിൽ മനുഷ്യൻ വിശ്രമിക്കുന്ന, അവിടുത്തെ മടിത്തട്ടിലിരുന്ന് സ്നേഹം നുകരുന്ന, അവിടുത്തെ മൃദുചുംബനം ശിരസ്സിലേറ്റുവാങ്ങുന്ന ആനന്ദത്തിന്റെ, സമാധാനത്തിന്റെ അനുഭവമാണ്. കഴിയുന്നതും കുമ്പസാരക്കൂടുകളെ ഒഴിവാക്കുന്ന പ്രവണതയിൽനിന്നും കുമ്പസാരക്കൂടുകളെ സ്നേഹിക്കുന്ന ഒരു വളർച്ച ഒരു വ്യക്തിയുടെ ദൈവത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിന്റെ തെളിമയിൽ അടങ്ങിയിരിക്കുന്നു.

കുമ്പസാരം പൊതുവായ ഒരു ഏറ്റുപറച്ചിൽ അല്ല, മറിച്ച്, വ്യക്തിപരമായി ദൈവത്തോട്, സഭ ഒരുക്കിയിരിക്കുന്ന കുമ്പസാരക്കൂട്ടിൽവച്ച്, വൈദികനിലൂടെ, വെളിപ്പെടുത്തുന്ന പ്രക്രിയയാണ്. ഇതു ധീരമായ ഒരു പ്രവൃത്തിയാണ്. എളിമയോടെ വൈദികനോട് വെളിപ്പെടുത്തുവാന് തീരുമാനിക്കുമ്പോൾത്തന്നെ പ്രസാദവരത്തിന്റെ ആദ്യപടികളിൽ ഒരുവൻ പ്രവേശിക്കുകയായി. പൊതുവായ കുമ്പസാരത്തിന്റെയോ പാപമോചനത്തിന്റെയോ സാധ്യത മരണകരമായ സാഹചര്യങ്ങളിൽ മാത്രമാണ്, വെള്ളത്തിലേക്ക് മുങ്ങിത്താഴുന്ന ഒരു കപ്പലിലെ യാത്രക്കാർക്ക് പൊതുവായി പാപമോചനം നല്കാം. എന്നാൽ അവർ രക്ഷപെട്ടാൽ ഗൗരവപാപങ്ങൾ ഏറ്റുപറഞ്ഞ് കുമ്പസാരിക്കണം എന്നുതന്നെയാണ് സഭ നിഷ്കർഷിക്കുന്നത്.

കുമ്പസാരരഹസ്യം എല്ലാ രാഷ്ട്രവ്യവസ്ഥകൾക്കും അതീതമാണ്. അത് വെളിപ്പെടുത്തുവാൻ ഒരു വൈദികനും അവകാശമില്ല. മരണത്തിൽ കലാശിക്കുന്ന കാര്യങ്ങളിലാണെങ്കിലും നിയമത്തിന്റെ മുമ്പിലാണെങ്കിലും കുമ്പസാരരഹസ്യം വെളിപ്പെടുത്താനാവില്ല എന്നതാണ് സഭയുടെ ചട്ടം. കുമ്പസാരരഹസ്യം വെളിപ്പെടുത്തുന്ന വൈദികന്റെ പാപം മോചിക്കുവാൻ മാർപാപ്പായ്ക്കുമാത്രമേ അധികാരമുള്ളൂ. ദൈവത്തോടുള്ള ബന്ധത്തിൽനിന്ന് ഒരുവൻ പൂർണമായി തന്നെത്തന്നെ വേർപെടുത്തുന്ന അവസ്ഥ ഗൗരവകരമാണ്. അത്തരത്തിലുള്ള ചില അവസ്ഥകളിൽനിന്നും മോചിപ്പിക്കുവാനുള്ള അധികാരം മെത്രാനിലും, മെത്രാൻ പ്രത്യേകം നിയോഗിക്കുന്ന വൈദികനിലുംമാത്രം നിക്ഷിപ്തമായിരിക്കുന്നു.

കുമ്പസാരത്തിന്റെ മധുരിമയെക്കാൾ കുമ്പസാരത്തിന്റെ ഭയജനകമായ ഒരു രൂപമാണ് പലപ്പോഴും വിശ്വാസികളുടെ മനസ്സിൽ തറയ്ക്കപ്പെട്ടിരിക്കുക. കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ ചിലർ മനുഷ്യരെ പേടിപ്പിച്ച് കുമ്പസാരക്കൂട്ടിലേക്കു നയിക്കാറുണ്ട്. വലിയവരും ചെറിയവരും ഭയരഹിതരായി സ്നേഹപൂർവം കുമ്പസാരത്തെ സമീപിക്കുന്ന ഒരു ബോധനപ്രക്രിയയ്ക്ക് നാം രൂപം നല്കണം.




# സേത്ത്

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**കാ**യേനും ആബേലിനും ശേഷം ആദം-ഹവ്വാ മാതാപിതാക്കൾക്ക് ജനിച്ച പുത്രനാണ് സേത്ത്. നഷ്ടമായ ആനന്ദവും പ്രത്യാശയും വീണ്ടെടുക്കാൻ വിങ്ങുന്ന ഹൃദയവുമായി ആ മാതാപിതാക്കൾ നൂറ്റിമുപ്പതു വർഷം കാത്തിരുന്നു. ''കായേൻ കൊന്ന ആബേലിനു പകരം എനിക്കു ദൈവം തന്നതാണ് അവൻ” എന്നു പറഞ്ഞ് അവർ സേത്ത് എന്ന് അവനു പേരിട്ടു. ആബേലിന്റെ കർമ്മം പൂർത്തിയാക്കാൻ നിയോഗിക്കപ്പെട്ടവനാണ് സേത്ത്. “പകരം നിയോഗിക്കപ്പെട്ടവൻ” എന്നാണ് സേത്ത് എന്ന വാക്കിനർത്ഥം. അറ്റുപോയ നന്മകളുടെ പുനഃസൃഷ്ടിയാണ് സേത്തിലൂടെ തുടരേണ്ടത്.

ആദം ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണ് (ഉൽപ 1,26-27). ആദത്തിന് നൂറ്റിമുപ്പതു വയസ്സായപ്പോൾ അവന്റെ സാദൃശ്യത്തിലും ഛായയിലും ഒരു പുത്രൻ ജനിച്ചു (ഉൽപ 5,3). അതുകൊണ്ട് ദൈവഛായ ഭൂമിയിൽ നിലനിർത്തുവാനുള്ള നിയോഗമാണ് സേത്തിന്റേത്. പകരക്കാരനായി ജീവിതം തുടരുക; അതും നന്മയുടെ ശ്രേഷ്ഠമായ അർപ്പണ ജീവിതമാണ് നൽകേണ്ടിയിരുന്നതും. കായേന്റെ ക്രൂരത തച്ചുടച്ച തലമുറയ്ക്കുമേൽ ദൈവികനിയമത്തിൽ അധിഷ്ഠിതമായ ഒരു പുതിയ തലമുറയ്ക്ക് രൂപം നൽകാൻ സേത്തിനു കഴിഞ്ഞു. സഹോദര രക്തത്തിന്റെ കറപുരണ്ട തലമുറ ഭരിക്കേണ്ടതല്ല ഈ ഭൂമി. പകരം ദൈവാശ്രയത്വത്തിന്റെയും ദൈവഭയത്തിന്റെയും ഊഷ്മളതതണലിൽ നിലനിൽക്കേണ്ടതാണത്. ദൈവത്തെ അറിഞ്ഞവനും സ്നേഹിച്ചവനുമായിരുന്നു സേത്ത്. അവന്റെ മകൻ ഏനോഷിന്റെ കാലത്താണ് മനുഷ്യർ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചത് (ഉൽപ 4,26). ദൈവത്തോടുകൂടെ നടന്നവരെല്ലാം സേത്തിന്റെ പിന്മുറക്കാരായിരുന്നു. ദൈവത്തെ കണ്ടെത്തുകയും വിളിച്ചപേക്ഷിക്കുകയും അവിടുത്തോടൊത്ത് വസിക്കാനിഷ്ടപ്പെടുകയും ചെയ്യുന്ന സേത്തിന്റെ സന്തതികൾ ഇന്നും ലോകത്തിനാവശ്യമാണ്. അസ്തമിച്ച സ്നേഹവും അടരാടുന്ന ഹൃദയവുമായി ഭൂമിയെയും മാനവജീവനെയും യുദ്ധക്കളമാക്കുന്ന കായേന്റെ സന്തതികൾ ഇന്നും വർദ്ധിച്ചു ശക്തിയായി മാറുമ്പോൾ സത്യം, നീതി, വിവേകം, ധൈര്യം ഇവയിൽ ഉൾക്കരുത്തുള്ള ഒരു സംസ്കാരം രൂപപ്പെടുത്തണം. അതിന് ജാഗ്രതയോടെ നമുക്ക് ഉണർന്നു ജീവിക്കാം.



**സേത്ത് തരുന്ന ചിന്തകൾ:**

**-ദൈവനന്മയുടെ പകരക്കാരാവുക.**
**-ദൈവത്തെ അറിയുക, കണ്ടെത്തുക, വിളിച്ചപേക്ഷിക്കുക.**
**-നിർമ്മലമായ അർപ്പണം തുടരുക.**





# തുടരുന്ന ചോദ്യങ്ങൾ

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
മേരി മാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി

**സ**ഭയുടെയും സഭയുടെ വിശ്വാസത്തെയും നാം വിശ്വസിക്കുന്ന സഭയുടെ അസ്തിത്വത്തെയും വ്യക്തിത്വത്തെയുംക്കുറിച്ച് ഇന്നിന്റെ വിരുദ്ധ സാഹചര്യത്തിൽ തിരുവചനത്തിന്റെ വെളിച്ചത്തിൽ പുനർചിന്തനം ചെയ്യുവാനും സഭാമാതാവിനെ മനസ്സിലാക്കാനും നമുക്കു പരിശ്രമിക്കാം. ഇന്ന് വിശ്വാസസമൂഹത്തിനിടയിൽ, സഭയുടെ മക്കളുടെയിടയിൽ സഭയെക്കുറിച്ച് ആകുലതയും അങ്കലാപ്പുകളും സംശയങ്ങളും ഉള്ളിൽ ഒട്ടേറെ ചോദ്യങ്ങളും ഉണ്ടായിട്ടുണ്ട് എന്ന് നമുക്കറിയാം. മിശിഹായുടെ തുടർച്ചയായ സഭയിൽ ന്യായീകരണങ്ങൾക്ക് അർത്ഥമില്ല. കാരണം ഈശോ തന്നെത്തന്നെ ഒരിടത്തും ന്യായീകരിച്ചതായിട്ട് നാം കാണുന്നില്ല. എന്നാൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വ്യത്യസ്തങ്ങളായ മുറവിളികൾ നാം നിത്യേന കേൾക്കുന്നു. “സഭ മൗനിയായിരിക്കുന്നു... എന്തുകൊണ്ട് സഭ ഒന്നും സംസാരിക്കുന്നില്ല? സഭയും ഈ വിമർശനങ്ങളോട് എന്തേ യോജിക്കുകയാണോ?...'' ഇങ്ങനെ നീളുന്നു ചോദ്യങ്ങൾ. ഇവയ്ക്കൊന്നും ഉത്തരം കണ്ടെത്തുവാനോ ഉത്തരം പറയുവാനോ ഇവിടെ തുനിയുന്നില്ല.

എന്നാൽ ഇന്നിന്റെ പശ്ചാത്തലത്തിൽ എന്റെ അമ്മയായ പരിശുദ്ധ സഭയോടു ചേർന്നുനിന്ന് ആ അമ്മയുടെ തിരുമുഖത്തേക്കു നോക്കിയപ്പോൾ അവിടെനിന്നും വായിച്ചറിഞ്ഞ തിരുവചനത്തെ നിങ്ങൾക്ക് മുമ്പിൽ പ്രഘോഷിക്കുകയാണ്. അവിടെ ചില പുതിയ ചോദ്യങ്ങളും പല സംശയങ്ങൾക്കുമുള്ള ഉത്തരങ്ങളും ഉണ്ടാകും എന്നതിൽ സംശയമില്ല.

### *എൻെറ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എൻേറതുപോലെയുമല്ല (ഏശ 55,8)*

വിശുദ്ധഗ്രന്ഥത്തിന്റെ ആദ്യ അദ്ധ്യായങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ താൻ സൃഷ്ടിച്ചവയെല്ലാം നല്ലതാണെന്ന് ദൈവം കണ്ടു എന്നു നാം വായിക്കുന്നു. സൃഷ്ടിയുടെ മകുടമായ മനുഷ്യനെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച് അവനു പാർക്കുവാൻ പറുദീസ രൂപപ്പെടുത്തി അവിടെ എല്ലാ വിധത്തിലുമുള്ള സൗകര്യങ്ങളും അവിടുന്ന് ഒരുക്കുകയും ചെയ്തു. മാത്രവുമല്ല തിരുവചനമനുസരിച്ച് അവരോടൊത്ത് സഹവസിക്കുവാൻ അവിടുന്ന് എത്തുമായിരുന്നുവെന്നും നാം കാണുന്നു. എന്നാൽ ദൈവത്തിന്റെ ഛായയും സാദൃശ്യവും പേറുന്ന മനുഷ്യന് പാർക്കുവാൻ ദൈവം കൊടുത്ത, നല്ലത് എന്ന് അവിടുന്നുതന്നെ കണ്ടെത്തിയ പറുദീസായുടെ നടുവിലേക്ക് എവിടെ നിന്നാണ് സർപ്പം കടന്നുവന്നത്? കൂടാതെ, എല്ലാം സൃഷ്ടിച്ച ദൈവം ഒരു വൃക്ഷത്തിന്റെ ഫലം മാത്രം ഭക്ഷിക്കരുത് എന്ന് എന്തുകൊണ്ട് അവരോട് കൽപിച്ചു? അങ്ങനെയൊരു കൽപന നൽകിയില്ലായിരുന്നുവെങ്കിൽ, അഥവാ അത്തരമൊരു വൃക്ഷത്തിനു രൂപം നൽകിയില്ലായിരുന്നുവെങ്കിൽ പാപം എന്ന യാഥാർത്ഥ്യം ഉണ്ടാകുമായിരുന്നോ? അതുമല്ലെങ്കിൽ, സർപ്പത്തിനു ജന്മം നൽകാതിരിക്കുകയോ, അത് പറുദീസയിൽ കയറാതിരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ പാപം ഉണ്ടാകുമായിരുന്നോ? രക്ഷാകരപദ്ധതിതന്നെ ആവശ്യമായി വരില്ലായിരുന്നല്ലോ? ദൈവികസാന്നിധ്യമുണ്ടായിരുന്ന പറുദീസയിൽ ഈ സാഹചര്യം ഉണ്ടായതെങ്ങനെ? കാരണക്കാർ ആരെല്ലാം?

തിരുവചനത്തിലൂടെ മുന്നോട്ട് പോകുമ്പോൾ തിന്മ വർദ്ധിക്കുന്നതും തിന്മയെ ഉന്മൂലനം ചെയ്യാൻ നോഹയിലൂടെ ദൈവം പ്രവർത്തിക്കുന്നതും നാം കാണുന്നു. നോഹയുടെ കാലത്ത് പുതിയ സൃഷ്ടി നടത്തുവാൻ ആഗ്രഹിച്ച ദൈവം, തന്റെ ആദ്യസൃഷ്ടി ജലത്തിൽ ആരംഭിച്ചതുപോലെ ഈ നവസൃഷ്ടിയും ജലത്തിൽത്തന്നെ നടത്തുവാനായി നോഹയോട് ഒരു പേടകം നിർമ്മിക്കാൻ ആവശ്യപ്പെടുന്നു ഈ പെട്ടകത്തിലൂടെ പുതിയ സൃഷ്ടിക്കാവശ്യമായ നന്മയുടെ വിത്തുകൾ അവിടുന്ന് ശേഖരിക്കുകയാണ്. എന്നാൽ ഉൽപത്തി 7,8-9 വാക്യങ്ങളിൽ നാം വായിക്കുന്നതിപ്രകാരമാണ്: "ദൈവത്തിന്റെ കല്പനയനുസരിച്ച് അവിടുന്ന് പറഞ്ഞതിൻ പ്രകാരം നീളവും വീതിയും ഉയരവുമുള്ള പെട്ടകം നിർമ്മിച്ചശേഷം നോഹ അതിലേക്ക് അശുദ്ധവും ശുദ്ധവുമായ എല്ലാ സൃഷ്ടിജാലങ്ങളെയും പ്രവേശിപ്പിച്ചു. നന്മനിറഞ്ഞ പുതുസൃഷ്ടി നിർവ്വഹിക്കുവാനായി തെരഞ്ഞെടുത്ത നോഹ എന്തുകൊണ്ട് ആ പെട്ടകത്തിലേക്ക് അശുദ്ധമായവയെയും പ്രവേശിപ്പിച്ചു? എന്നാൽ തിരുവചനം പറയുന്നു, പെട്ടകത്തിൽ നിന്നും പുറത്തുവന്ന നോഹ ശുദ്ധമായവയെ മാത്രമേ ദൈവത്തിനു ബലിയായി കാഴ്ചവച്ചുള്ളു" (ഉല്പ 8,20).

യാത്ര മുമ്പോട്ട് നീങ്ങുമ്പോൾ നാം കാണുന്നു: വിശ്വാസികളുടെ പിതാവെന്ന് വിളിക്കപ്പെടുന്ന അബ്രാഹം, വാഗ്ദാനങ്ങൾ ഏറെ നൽകപ്പെട്ട അബ്രാഹം, ദൈവത്തിന്റെ പ്രത്യക്ഷീകരണവും സഹവാസവും ഏറെ അനുഭവിച്ച അബ്രാഹം, ദൈവം കൊടുത്ത വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനായി അൽപമൊന്ന് കാത്തിരിക്കാതെവന്നതിന്റെ പേരിൽ ദാസിയെ പ്രാപിക്കുകയും പിന്നീട് അവളെ മരുഭൂമിയിലേക്ക് നിഷ്കരുണം ഉപേക്ഷിക്കുകയും ചെയ്യുന്ന വലിയ വീഴ്ചകൾക്ക് വിധേയനാകുന്നു. ഒരുപക്ഷേ ദൈവം തന്റെ വാഗ്ദാനം അല്പം മുമ്പേ പൂർത്തീകരിച്ചിരുന്നുവെങ്കിൽ, ഇസഹാക്കിനെ നൽകിയിരുന്നെങ്കിൽ, സാറാ ഒരിക്കലും തന്റെ ദാസിയെ പ്രാപിക്കാൻ അബ്രാഹത്തെ നിർബന്ധിക്കുകയില്ലായിരുന്നു. ദാസിയെ പ്രാപിച്ചില്ലായിരുന്നുവെങ്കിൽ ഇസ്മായേലും അവന്റെ സന്തതിപരമ്പരയും ഈ ഭൂമുഖത്ത് ഉണ്ടാകുമായിരുന്നുവോ? എന്തുകൊണ്ട് ദൈവം തന്റെ വാഗ്ദാനം മനുഷ്യന്റെ ക്ഷമ നശിക്കും മുമ്പേ പൂർത്തീകരിച്ചില്ല? അഥവാ, അബ്രാഹത്തിന് എന്തുകൊണ്ട് കാത്തിരിക്കാൻ കഴിഞ്ഞില്ല? ചോദ്യങ്ങൾ ഇനിയും നീളും. യാക്കോബിലൂടെയാണ് ദൈവം തന്റെ വാഗ്ദാനം തുടരുവാൻ



ആഗ്രഹിച്ചിരുന്നതെങ്കിൽ, എന്തുകൊണ്ട് യാക്കോബിന് ജനനാൽത്തന്നെ കടിഞ്ഞൂൽ പുത്രസ്ഥാനം നൽകിയില്ല? ഏസാവിന് നൽകിയ സ്ഥാനം വിലകൊടുത്ത് വാങ്ങി യാക്കോബ് ദൈവികപദ്ധതിയിൽ പങ്കുകാരനാവുകയാണ്.

ഒരു യൗസേപ്പിലൂടെ ഇസ്രായേൽ ജനതയുടെയും ലോകം മുഴുവന്റെയും രക്ഷ സാധിച്ചെടുക്കുവാനായി ആഗ്രഹിച്ച ദൈവത്തിന് ഈ യൗസേപ്പിനെ ഈജിപ്തിന്റെ ഭരണാധികാരിയാക്കുവാൻ, തന്റെ സഹോദരങ്ങളാൽ ഉപേക്ഷിക്കപ്പെടുവാൻ, വിൽക്കപ്പെടുവാനുള്ള സാഹചര്യങ്ങളിൽനിന്ന് സംരക്ഷിക്കുവാൻ സാധിക്കുമായിരുന്നില്ലേ? ഈജിപ്തിന്റെ കൊട്ടാരത്തിൽ കടന്നുചെല്ലുന്ന ജോസഫിന് കാരാഗൃഹവാസം ഇല്ലാതെ രക്ഷയുടെ പൂർത്തീകരണത്തിന് സഹകാരിയാകുവാൻ സാധ്യതയില്ലായിരുന്നോ?

### മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും (1 സാമു 16,7)

വീണ്ടും നമ്മൾ കടന്നുപോകുമ്പോൾ കാണുന്നു: ദൈവത്തിന്റെ സജീവസാന്നിധ്യം കുടിവാഴുന്ന ഇടങ്ങളിൽ ദാവീദിനും സോളമനും സാമുവേലിനും സാവൂളിനുമൊക്കെ വീഴ്ചകൾ വരുവാൻ ഇടയായി. ദൈവം എന്തുകൊണ്ട് ഇത് അനുവദിച്ചു? ദൈവഹിതമായിരുന്നുവോ ഇവയെല്ലാം? വ്യഭിചാരിയും കൊലപാതകിയുമായിത്തീർന്ന ദാവീദിനെക്കുറിച്ച് ദൈവം സോളമനോട് പറയുന്നു: ''പിതാവായ ദാവീദ് ദൈവമായ കർത്താവിനോടു വിശ്വസ്തനായിരുന്നതുപോലെ അവൻ അവിടുത്തോടു പരിപൂർണ്ണ വിശ്വസ്തത പാലിച്ചില്ല; തൻെറ പിതാവായ ദാവീദിനെപ്പോലെ അവൻ കർത്താവിനെ പൂർണമായി അനുഗമിച്ചില്ല; എന്നാൽ, നിൻെറ പിതാവായ ദാവീദിനെയോർത്ത്, നിൻെറ ജീവിതകാലത്ത് ഇതു ഞാൻ ചെയ്യുകയില്ല; നിൻെറ മകൻെറ കരങ്ങളിൽനിന്ന് അതു ഞാൻ വേർപെടുത്തും" (1 രാജാ 11,4.6.12).

വീഴ്ചകളുടെ നടുവിലൂടെ കടന്നുപോകുന്ന ദാവീദ്, മരണത്തിന്റെ നിഴൽ വീണ താഴ്വാരങ്ങളിലൂടെ നടക്കുവാൻ ഇടവന്നുവെങ്കിലും ഉദ്ഘോഷിക്കുന്നു: ''മരണത്തിന്റെ നിഴൽവീണ താഴ്വരയിലൂടെയാണു ഞാൻ നടക്കുന്നതെങ്കിലും, അവിടുന്നു കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല; അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു. എന്റെ ശത്രുക്കളുടെ മുൻപിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു; എൻെറ ശിരസ്സു തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു; എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു" (സങ്കീ 23).

### സമാധാനമല്ല, വാളാണു അവിടുന്ന് കൊണ്ടുവന്നിരിക്കുന്നത്

പുതിയനിയമത്തിലേക്ക് വരുമ്പോൾ... ദൈവപുത്രനു ജനിക്കുവാൻ പുൽക്കൂടുതന്നെ ആവശ്യമായിരുന്നുവോ, എന്തേ അവിടുത്തേക്ക് പിറക്കാൻ ഒരുവനും ഒരിടം നൽകാൻ കഴിയാതെ പോയി? എന്തുകൊണ്ട് ഈശോയുടെ ജനനത്തെ തുടർന്ന് അനേകം നിഷ്കളങ്കരായ ശിശുക്കൾ വധിക്കപ്പെടുന്ന അവസ്ഥ സംജാതമായി? ജീവൻ നൽകാൻ, അതു സമൃദ്ധമായി നൽകാൻ വന്നവന്റെ ജനനത്തിൽത്തന്നെ അനേകം ശിശുക്കളുടെ ജീവൻ ഹോമിക്കപ്പെടുന്നു. 'ലോകം തരുന്നതുപോലെയല്ല, ഞാൻ നൽകുന്ന സമാധാനം. അതു ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല' എന്നെല്ലാം അരുൾചെയ്തവന്റെ മനുഷ്യാവതാരവേളയിൽ എത്രയോ കുടുംബങ്ങൾ, മാതാക്കൾ, മക്കളുടെ മരണത്തിൽ സമാധാനം നഷ്ടപ്പെട്ടവരായി? അന്വേഷിച്ചെത്തിയ വിജ്ഞാനികൾക്ക് വഴികാട്ടിയായി തീർന്ന നക്ഷത്രമെന്തേ ഹേറോദേസിന്റെ കൊട്ടാരത്തിലെത്താൻ ഇടയാക്കി? രക്ഷകന്റെ ജനനവാർത്ത ഹേറോദേസിന്റെ ചെവിയിലെത്താൻ ഇടയായത് അതുവഴിയല്ലേ? നക്ഷത്രവഴിയിൽനിന്ന് വിജ്ഞാനികൾ അകന്നുപോയതോ സാമാന്യമര്യാദയനുസരിച്ച് അധികാരിയെ കണ്ടതോ ആവാം. എന്നാൽ എത്രയോ ജീവൻ പൊലിയുവാനും, കുടുബസമാധാനം നഷ്ടമാകാനും അത് ഇടയാക്കി!

(തുടരും)

# പരിശുദ്ധ അമ്മ



റവ. ഫാദർ ബിബിൽ പുന്നയ്ക്കതടത്തിൽ
കല്യാൺ രൂപത

**പ**രിശുദ്ധ അമ്മയെ "ചലിക്കുന്ന സക്രാരി" എന്നാണ് വി. അപ്രേം വിശേഷിപ്പിക്കുന്നത്. അതെ, അവൾ ചലിക്കുന്ന സക്രാരിതന്നെയാണ്. നസറത്തിലെ മറിയത്തെ ഒരു അമ്മയാക്കി മാറ്റിയത് അവളിൽ വിളങ്ങിയിരുന്ന ദൈവിക നന്മകളായിരുന്നു – എളിമ, സഹനശക്തി, മനുഷ്യസ്നേഹം, കരുണ, ശുശ്രൂഷാമനോഭാവം തുടങ്ങിയ നന്മകൾ... അതിനാൽത്തന്നെ ഈ അമ്മ കൃപ നിറഞ്ഞവൾ, വാഗ്ദാനപേടകം, ദാവീദിന്റെ പേടകം, നോഹിന്റെ പെട്ടകം, യാക്കോബിന്റെ ഗോവണി തുടങ്ങിയ ധാരാളം പേരുകളാൽ അലങ്കരിക്കപ്പെട്ടവളാണ്.

മംഗളവാർത്താ വിവരണത്തിലെ കേന്ദ്രകഥാപാത്രം മാലാഖയല്ല, മറിയമാണ്. മംഗളവാർത്തയറിയിച്ച സ്വർഗ്ഗീയദൂതൻ മറിയത്തിന്റെ എല്ലാ സംശയങ്ങൾക്കും മറുപടി നല്കി; അവളുടെ സമ്മതത്തിനായി കാതോർത്തു എന്ന് ലൂക്കാ സുവിശേഷകൻ വിവരിക്കുന്നു. സഖറിയായുടെ സംശയത്തിന്, ഊമനായിത്തീരും എന്നു പ്രഖ്യാപിച്ച ദൂതൻ മറിയത്തിന്റെ സംശയദൂരീകരണത്തിന് എലിസബത്തിന്റെ ഗർഭധാരണ വാർത്ത വെളിപ്പെടുത്തി കൊടുക്കുന്നതുവഴി സഖറിയായെക്കാൾ ശ്രേഷ്ഠത മറിയത്തിനുണ്ടെന്നു വ്യക്തമാക്കുന്നു.

ഉദരത്തിൽ ശിശുവായ ഈശോമിശിഹായെ പേറിക്കൊണ്ട് തന്നെ ശുശ്രൂഷിക്കാനെത്തിയ മറിയത്തെനോക്കി പരിശുദ്ധാത്മാവിൽ നിറഞ്ഞ ആനന്ദത്തോടെ എലിസബത്തു പറഞ്ഞു: "കർത്താവ് അരുളിച്ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1,45). ദൈവപിതാവിലും അവിടുത്തെ വചനങ്ങളിലുമുള്ള പാറ പോലുള്ള വിശ്വാസം! അതായിരുന്നു ഈശോയുടെ അമ്മയായ മറിയത്തിന്റെ ഏറ്റവും വലിയ ധന്യത. ഏറ്റവും സൗഭാഗ്യകരമായ അവസ്ഥയിൽപോലും ദൈവത്തെയും അവിടുത്തെ വചനത്തെയും അവിശ്വസിച്ചുകൊണ്ട് ആദിമാതാവായ ഹവ്വ ചെയ്ത തെറ്റിന് കുരിശിന്റെ വഴികളിലൂടെ നിരന്തരം നടന്നുകൊണ്ട് രണ്ടാമത്തെ ഹവ്വായായ മറിയം പരിഹാരം ചെയ്തു.

"മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ മനസ്സിൽ ദൈവം ജനിക്കുന്നു. മനുഷ്യൻ മനുഷ്യനെ വെറുക്കുമ്പോൾ മനസ്സിൽ ദൈവം മരിക്കുന്നു". നാം നമ്മുടെ ജീവിതത്തിൽ, മനസ്സിൽ, മനുഷ്യന് സ്ഥാനംകൊടുത്ത് പരിശുദ്ധ അമ്മയെപ്പോലെ ഹൃദയത്തിൽ അവനെയോ/അവളേയോ ഏറ്റിയവരാണോ എങ്കിൽ നാം തീർച്ചയായും ഈ അമ്മയുടെ മകനായി/മകളായി കഴിഞ്ഞു. ഈ ലോകജീവിതത്തിൽ നമുക്ക് നമ്മുടെ വിശ്വാസം മുറുകെപ്പിടിച്ചുകൊണ്ട് യഥാർത്ഥ ക്രിസ്ത്യാനിയായി ജീവിക്കാം. പരിശുദ്ധ അമ്മയുടെ ജീവിതത്തിലെ നന്മകൾ നമ്മുടെ ജീവിതത്തിലും നമുക്ക് ഏറ്റുവാങ്ങാം. അങ്ങനെ യഥാർത്ഥ ക്രിസ്തീയ പുണ്യങ്ങൾ സ്വന്തമാക്കി ജീവിക്കാം.

## ദിവ്യമാം മാതൃത്വം

ചേറ്റിൽ വിരിയുന്ന ചെന്താമരയെന്നപോൽ
പാപമാം ലോകത്തിൻ മാലിന്യമേല്ക്കാതെ
വിശുദ്ധിതൻ പരിമളം പാരിൽ പൊഴിക്കുന്ന
കൃപയുടെ കടലാമെന്നമലോത്ഭവജനനീ
ഉദരത്തിലുരുവായ ഉന്നതസൂനുവിനു-
ദരവും ഹൃദയവുമൊരുപോൽ കൊടുത്തു നീ

ഉണ്ണിയാം ദൈവകുമാരനെ ഹൃദയത്തി-
ലേറ്റെടുത്തെല്ലാർക്കുമെല്ലാമായ് നീ നല്കി
തീവ്രമാം സഹനത്താൽ ചങ്കുലഞ്ഞപ്പോഴും
ദൈവഹിതത്തെയമൂല്യമായ് കണ്ടു നീ
മാതൃത്വമെന്നയമൂല്യമാം പദവിക്കു
മകുടമായ് വിലസുന്ന കന്യകാരത്നം നീ

ദിവ്യശിശുവിന്റെ ജനനത്തിൽ വെറിപൂണ്ട
ഹേറോദേസന്നാളിലരുംകൊല ചെയ്തെങ്കിൽ
മാതൃത്വമെന്ന വികാരം മറന്നിന്നു
മാതാക്കളരുംകൊലക്കൊത്താശ ചെയ്യുന്നു!
മനഃസാക്ഷി മരവിച്ചു സ്നേഹം മരിക്കുമ്പോൾ
ശവപ്പറമ്പാകുന്നിന്നാതുരാലയങ്ങളും!

അമ്മേ, പരിശുദ്ധ ജനനീ നീ സ്വർഗ്ഗത്തിൽ
വിളങ്ങി ലസിക്കുന്നു ശക്തയായ് ധീരയായ്
നിൻ മാതൃക പിഞ്ചെന്നു ജീവന്റെ മൂല്യത്തെ
അമൂല്യമായ് കാണാനും സാക്ഷ്യം വഹിക്കാനും
പൊലിയാതെ, കൊഴിക്കാതെ ജീവന്റെ കാവൽ-
ക്കാരാകാനുമെല്ലാർക്കുമെന്നും കരുത്തേകൂ.

ഷീലമ്മ പൂതക്കുഴി

പിതൃമൊഴി
1



# ക്രിസ്മസിന്റെ ആത്മാവ്

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

> **"എന്റെ ജീവിതം ഒരു അവകാശപ്പെടലാകാതെ കൊടുക്കലായി തീരട്ടെ; യാതൊരു വ്യവസ്ഥകളുമില്ലാത്ത കൊടുക്കൽ"**
> **(ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ)**

മഞ്ഞു പെയ്യുന്ന ദിനങ്ങളും വർണ്ണവിളക്കുകളുടെ വിസ്മയം തീർക്കുന്ന ഡിസംബറിന്റെ രാവുകളും മനസ്സുകളിൽ സന്തോഷത്തിന്റെ അലകളുതിർക്കുന്ന മനോഹരമായ അവസരമാണ് ക്രിസ്മസ്. പ്രഭാതത്തിലെ കുളിർമഞ്ഞുപോലെ ലോകരക്ഷകനായ ഈശോയുടെ ജനനം സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്‌വാർത്ത നിറയ്ക്കുന്ന അനുഭവമാണ് പ്രദാനം ചെയ്യുക.

ദൈവം ലോകത്തിനു നല്കിയ ഏറ്റം വലിയ സമ്മാനമാണ് ഈശോ. ലോകം മുഴുവനും പ്രത്യാശയും സമാധാനവും നല്കുന്ന, മനുഷ്യകുലത്തിന്റെ രക്ഷകനായിട്ടാണ് എളിയവനായി,




വെറും സാധാരണക്കാരനായി കാലികൾക്കു നടുവിലവൻ ജനിച്ചത്. വലിയവൻ എളിയവനായി, സ്വർഗ്ഗം ഭൂമിയിലിറങ്ങി. മഹത്ത്വത്തിന്റെയും അപരിമേയത്വത്തിന്റെയും സിംഹാസനം വിട്ടിറങ്ങുവാൻ അവിടുന്നു മനസ്സായത് സുരക്ഷിതത്വങ്ങളില്ലാത്തവർക്കും അശരണർക്കും അടിമത്തത്തിന്റെ ചങ്ങലകളാൽ ബന്ധിതരായവർക്കും രക്ഷ നല്കുവാനാണ്, വിമോചനം നല്കുവാനാണ്.

പ്രത്യാശയില്ലാത്ത ജീവിതം അന്ധകാരനിബിഡമാണ്. ജീവിതത്തിന്റെ നിറഞ്ഞ നിരാശകളിൽ, ദുരിതങ്ങളിൽ, തകർച്ചകളിൽ എല്ലാം അവയെ അതിജീവിക്കുന്നതിനുള്ള ഊർജ്ജം നമുക്കു നല്കുന്നതു പ്രത്യാശയാണ്. നമ്മുടെ ജീവിതം അടുത്തുള്ളവർക്കും അകലെയുള്ളവർക്കും ഒരു ദാനമായി, സമ്മാനമായി മാറണം. അതുവഴി അവരുടെ ഹൃദയങ്ങളിൽ പ്രത്യാശയുടെ വർണ്ണമയൂഖങ്ങൾ വിരിയിക്കാൻ, സമാധാനത്തിന്റെയും രക്ഷയുടെയും വാതായനങ്ങൾ തുറക്കാൻ നമുക്കു സാധിക്കണം. അതിനുവേണ്ടി വിളിക്കപ്പെട്ടവരാണ് ഓരോ ക്രൈസ്തവനും എന്നു തിരിച്ചറിയണം. ഈ തിരിച്ചറിവിന്റെ നിമിഷങ്ങളിലാണ് 'അവൻ' പിറന്ന കാലിക്കൂട്ടിലേക്ക് അഹന്ത വെടിഞ്ഞ് ജ്ഞാനികളെപ്പോലെ ഇറങ്ങിവരാനാവുക; ഹേറോദേസിന്റെ കൊട്ടാരം നല്കുന്ന അംഗീകാരങ്ങളും സുരക്ഷിതത്വങ്ങളും വലിച്ചെറിഞ്ഞ് മാനസാന്തരത്തിന്റെ പുതിയ വഴികളിലൂടെ നടക്കാനാവുക.

പൗലോസ്ശ്ലീഹാ ഗലാത്തിയാക്കാർക്കെഴുതിയ ലേഖനത്തിൽ പറയുന്നു: "ഒരു പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം" (6,15). ആസക്തികളുടെയും ആഡംബരങ്ങളുടെയും അസമത്വങ്ങളുടെയും ഒരു ലോകത്തിലാണ് നാം ജീവിക്കുക. എത്ര കിട്ടിയാലും തൃപ്തി വരാത്ത, സുഖങ്ങൾക്കുമേൽ സുഖം തേടുന്ന, ആരെ തളർത്തിയാലും എനിക്കുയരണം, വളരണം എന്നു ശാഠ്യം പിടിക്കുന്ന മനസ്സുകൾ ഭരിക്കുന്ന ഇടങ്ങളാണ് ഇന്നു നമ്മുടെ ഭവനങ്ങളും സാമൂഹികസ്ഥാപനങ്ങളും രാഷ്ട്രീയസംവിധാനങ്ങളുമെല്ലാം. തോറ്റു കൊടുക്കാൻ മനസ്സില്ലാത്തവരും ചെറുതാകാൻ ഇഷ്ടപ്പെടാത്തവരും അപരനെ അംഗീകരിക്കാത്തവരുമെല്ലാം സ്വന്തം സുരക്ഷിതത്വങ്ങളുടെ തണലിൽ ജീവിക്കാൻ തത്രപ്പെടുന്നു. ഇവിടെയാണ് പുതിയ മനുഷ്യൻ നമ്മിൽ മാംസം ധരിക്കേണ്ടത്. വചനമായ ഈശോ മാംസം ധരിച്ചു മനുഷ്യനായത് മനുഷ്യൻ തന്റെ മനുഷ്യപ്രകൃതിയിൽ മനുഷ്യത്വം എങ്ങനെ ജീവിക്കണമെന്ന് മനസ്സിലാക്കിത്തരാനാണ്. സകലജനത്തിനുംവേണ്ടിയുള്ള സന്തോഷവാർത്തയായിരുന്നു അവന്റെ ജനനം. മനുഷ്യനെ മനുഷ്യനായി അംഗീകരിക്കുന്ന, തളരുന്ന ജീവിതങ്ങൾക്കു ബലമേകുന്ന, രോഗികൾക്കും പാപികൾക്കും വിടുതലിന്റെ, കരുതലിന്റെ കരം നല്കുന്ന അവിടുത്തെ മാതൃകയാണ് നാമും അനുകരിക്കേണ്ടത്.

എല്ലാവരും സന്തോഷിക്കുന്ന ഒരു ലോകം നമുക്കാവശ്യമാണ്. സന്തോഷവും സമാധാനവും നഷ്ടപ്പെട്ടവർക്ക് അതു ലഭിക്കണം. പക്ഷേ, ഇന്ന് ആഡംബരങ്ങളിൽ മുഴുകി സന്തോഷിക്കുന്നവർമാത്രം എന്നും സന്തോഷിക്കുന്നു. അതുപോരാ, അർഹതപ്പെട്ടവർക്ക് അതു ലഭിക്കുവാൻ നമ്മുടെ ചില സന്തോഷങ്ങളെ പരിമിതപ്പെടുത്തുവാനും നമ്മുടെ കഴിവുകളും സമയവും നമുക്കുള്ളവയും പങ്കുവയ്ക്കുവാനും തയ്യാറാകുമ്പോഴാണ് സന്തോഷവും സമാധാനവും സംജാതമാകുക. ആഡംബരങ്ങളും അനാവശ്യങ്ങളും ഈശോമിശിഹാ സ്വർഗ്ഗം വിട്ടിറങ്ങിയതുപോലെ ഉപേക്ഷിക്കുവാൻ നമ്മുടെ മനസ്സുകളെ തയ്യാറാക്കാം. ആവശ്യമായ സമയത്ത് വേണ്ടതു നല്കുന്നതാണ് ക്രിസ്മസിന്റെ ആത്മാവ്. മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കായി സ്വയം ഇല്ലാതാക്കിയ ഈശോയെപ്പോലെ നമ്മുടെ ജീവിതവും മറ്റുള്ളവർക്ക് ഒരു ദാനമായിത്തീരട്ടെ. ദാനമായി ലഭിച്ച ഈ ജീവിതം വ്യവസ്ഥകൾകൂടാതെ, അവകാശപ്പെടലാകാതെ നിരന്തരമായി കൊടുക്കുന്ന ഒരു തപസ്യയാകട്ടെ.



# ഭാഗ്യപ്പെട്ട ദാരിദ്ര്യമേ...

നെവിൻ മങ്ങാടൻ

**ന**വംബർ 8 വ്യാഴം. വൈകുന്നേരത്തെ യാത്രയുടെ ലക്ഷ്യം വനാന്തരത്തിൽ കഴിയുന്ന ചില മനുഷ്യരുടെ വാസസ്ഥലമായിരുന്നു. രാജാവായി പിറക്കാമായിരുന്നിട്ടും സ്വർഗ്ഗത്തിന്റെ മഹിമ വെടിഞ്ഞ് കാലിത്തൊഴുത്തിന്റെ ഇല്ലായ്മകളിലേക്കു പിറന്നുവീണ ഈശോയുടെ ദാരിദ്ര്യത്തിന്റെ സമ്പന്നതയെ ആവാഹിച്ചെടുക്കുവാൻ ഒരുമ്പെട്ടിറങ്ങിയ ചില മനുഷ്യരെ ഞങ്ങൾ വനത്തിൽ കണ്ടെത്തി. ലോകത്തിന്റെ ഉള്ളായ്മകളെ ഈശോയോടുള്ള സ്നേഹത്താൽ ഉച്ഛിഷ്ടം പോലെ കരുതിയവർ... മൃദുലമായ മെത്തകൾക്കു പകരം കരിങ്കല്ലു കിടക്കയാക്കിയവർ. കൊടും തണുപ്പിൽ കമ്പിളിപ്പുതപ്പിന്റെ ചൂടിനു പകരം ചണച്ചാക്കിന്റെ വിരിപ്പു മാത്രം... വസ്ത്രവും ഭക്ഷണവും ദൈവപരിപാലനയിൽ... സസ്യാഹാരങ്ങളിൽ സന്തുഷ്ടർ... ലോകത്തിന് ആർത്തിയും ആസ്വദിക്കലും ആസക്തിയും ആനന്ദത്തിന്റെ വിഷയമാകുമ്പോൾ ത്യജിക്കലും ത്യാഗവും താപസ്സവും ആത്മീയാനന്ദത്തിന്റെ നിർവൃതിയായി വിശുദ്ധാത്മാക്കൾ തങ്ങളുടെ ജീവിതംവഴി നമ്മെ പഠിപ്പിക്കുന്നു. നമുക്ക് അസ്സീസ്സി വരെ പോകാം...




പീറ്റർ ബർണാഡിന്റെയും പിക്കാപ്രഭിയുടെയും പുത്രനാണ് അസ്സീസ്സിയിലെ ഫ്രാൻസിസ്. പെറൂജിയായും അസ്സീസ്സിയും തമ്മിൽ യുദ്ധം നടക്കുമ്പോൾ മാടമ്പിസ്ഥാനത്തിനായി യുദ്ധത്തിനിറങ്ങിയ ചെറുപ്പക്കാരൻ. എന്നാൽ ഉറക്കത്തിൽ അവൻ ഒരു സ്വരം കേൾക്കുകയാണ്: "യജമാനനെ സേവിക്കുന്നതോ ഭൃത്യനെ സേവിക്കുന്നതോ, ഏതാണ് കൂടുതൽ അഭികാമ്യം?". അവൻ ഉത്തരം നല്കി: "യജമാനനെ സേവിക്കുന്നത്". മറുചോദ്യം ഉടനുണ്ടായി: "പിന്നെന്തിനു ഭൃത്യനെ സേവിക്കണം?". ഹൃദയത്തെ ഉലയ്ക്കുന്നതായി മാറി ആ ചോദ്യം.

യുദ്ധഭൂമിയിൽനിന്നും ഈശോയാകുന്ന യജമാനനെ സേവിക്കാനുറച്ച് മടങ്ങിയ അവന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയായി... പാവങ്ങളെ സഹായിക്കൽ, കുഷ്ഠരോഗികളെ ആലിംഗനം ചെയ്യൽ... ധനാഢ്യനായ പീറ്ററിന് ഫ്രാൻസിസിന്റെ സത്കർമ്മങ്ങളെ അംഗീകരിക്കാനായില്ല. മകന്റെ ഭ്രാന്തമായ പ്രവർത്തനങ്ങൾക്കെതിരെ അദ്ദേഹം മെത്രാനു പരാതി നല്കി. അപ്പനെയും മകനെയും ഇടവകവികാരിയുടെ സാന്നിദ്ധ്യത്തിൽ മെത്രാൻ വിളിച്ചുകൂട്ടി... പള്ളിപണിക്കായി മകൻ ദാനം ചെയ്ത പണം അപ്പൻ തിരികെ ആവശ്യപ്പെട്ടു. മെത്രാന്റെ അഭ്യർത്ഥന പ്രകാരം വികാരിയച്ചൻ അതു തിരികെയേല്പിച്ചു. അപ്പൻ മകനോടു പറഞ്ഞു: "നീ ധരിച്ചിരിക്കുന്ന ഉടുപ്പും എന്റേതാണ്". തത്ക്ഷണം അവൻ താൻ ധരിച്ചിരുന്ന പ്രൗഢിയേറിയ വസ്ത്രം ഊരി അപ്പന്റെ പാദത്തിൽവച്ചു പറഞ്ഞു: "അപ്പാ, എനിക്കൊന്നും വേണ്ട. അങ്ങയുടെ പൈതൃകാനുഗ്രഹംമാത്രം മതി". തുടർന്നു ഫ്രാൻസിസ് ഇങ്ങനെ പറഞ്ഞു: "അപ്പാ, ഇന്നുവരെ ഞാൻ അങ്ങയെ പിതാവേ എന്നു വിളിച്ചിരുന്നു. എന്നാൽ ഇന്നു മുതൽ സ്വർഗ്ഗസ്ഥനായ ദൈവത്തെ 'എന്റെ പിതാവേ' എന്നു ഞാൻ വിളിക്കും". ഇതു കണ്ടുനിന്ന മെത്രാൻ തന്റെ കാപ്പകൊണ്ട് ഫ്രാൻസിസിന്റെ ശരീരം മറച്ചു. വേലക്കാരന്റെ വസ്ത്രം വാങ്ങി അവനെ ധരിപ്പിച്ചു. ഫ്രാൻസിസ് ആ വസ്ത്രത്തിനു പുറത്ത് ചോക്കുകൊണ്ട് കുരിശടയാളം വരച്ച് ദാരിദ്ര്യത്തെ വരിച്ചു; വധുവായി സ്വീകരിച്ചു...

ലോകത്തിന്റെ മനുഷ്യർക്കിത് ഭോഷത്തമാണ്; ഭ്രാന്താണ്. എന്നാൽ ദൈവത്തിന്റെ മനുഷ്യർക്കിത് ആത്മീയ ആനന്ദത്തിന്റെ നിർവൃതിയാണ്. ഈശോയോടുള്ള സ്നേഹത്തിൽ ഒന്നാക്കപ്പെടുന്നതിൽനിന്നും ഉടലെടുക്കുന്ന ഒരഭിനിവേശമാണ്...

**കുർബാനാനുഭവധ്യാനം**
**മാർ സ്ലീവാ മല്പാനേറ്റിൽ**

പെരിയ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ നേതൃത്വത്തിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് ടീം നയിക്കുന്ന പരിശുദ്ധ കുർബാനാനുഭവധ്യാനം കോട്ടയം, മാങ്ങാനം, സ്പിരിച്ച്വാലിറ്റി സെന്ററിലെ മാർ സ്ലീവാ മല്പാനേറ്റിൽ നടത്തപ്പെടുന്നു. ക്രിസ്തീയ ജീവിതകേന്ദ്രമായ പരിശുദ്ധ കുർബാനയിൽ അധിഷ്ഠിതമായ ആരാധനക്രമ ആദ്ധ്യാത്മികജീവിതം നയിക്കുവാൻ ഉപകരിക്കുന്ന ഈ ധ്യാനം 2019 ജനുവരി 1 ചൊവ്വാഴ്ച വൈകുന്നേരം 5 മണിക്കു തുടങ്ങി 6-ാം തീയതി ഞായറാഴ്ച രാവിലെ 8 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക: 0481 2578192; 9847824702; 9444136690



ഷിനി തെരേസ് മുതുപ്ലാക്കൽ

# എന്നെ കൊല്ലരുതമ്മേ...

**എ**ന്തു രസമാണെന്നോ, അമ്മയുടെ ഉദരത്തിലെ ഈ വെള്ളത്തിൽ ഓടിക്കളിക്കാൻ... ഭൂമിയിൽ പിറന്നുകഴിയുമ്പോൾ ചേട്ടന്റെകൂടെ ഓടിക്കളിക്കുമ്പോൾ ഇതിലും രസമായിരിക്കുമല്ലേ... ഇടയ്ക്ക് അമ്മയുടെ മടിയിൽ കയറിയിരുന്ന് കൊഞ്ചുന്നത് എന്റെ ചേട്ടനാണെന്നാണ് തോന്നുന്നത്. എന്റെ അമ്മയുടെ മാത്രമല്ല, വേറെ പലരുടെയും ശബ്ദം എനിക്കു കേൾക്കാം. എനിക്കിവിടെ സുഖമാ... സന്തോഷമാ... ഇന്നു പക്ഷേ, എനിക്കത്ര സന്തോഷം തോന്നുന്നില്ല... എന്തോ ഒരു പേടിപോലെ... കാരണം പല പല ശബ്ദങ്ങൾക്കിടയിൽ ഇന്നലെ ഞാൻ ചില സംസാരങ്ങൾ കേട്ടു.

എന്നെ കൊല്ലുന്ന കാര്യമാ അവർ സംസാരിച്ചത്. അബോർഷനൊക്കെ എല്ലായിടത്തും ഒരു സാധാരണ സംഭവംപോലെ നടക്കുന്നതാണെന്നാണ് ഒരാൾ പറഞ്ഞത്. എന്നെപ്പോലുള്ള കുഞ്ഞുങ്ങളെ കൊല്ലുന്നത് സർവസാധാരണമാണത്രേ! അതൊക്കെ നിസ്സാരമാണത്രേ! കൊല്ലാനുള്ള പല വഴികളുടെ വിശദീകരണവും കേട്ടു. ഉപ്പുലായനി പോലെ എന്തോ കടത്തിവിട്ട് പൊള്ളിച്ചു കൊല്ലുന്ന രീതിയും കത്തിയും കത്രികയുമൊക്കെ ഉപയോഗിച്ച് കഷണം കഷണമാക്കി പുറത്തെടുക്കുന്നതും മറ്റു ചിലതുമൊക്കെ വിശദീകരിച്ചു. ഹോ! കേട്ടിട്ടു പേടിയാകുന്നു... സ്വന്തം കുഞ്ഞുങ്ങളെ ഇങ്ങനെയൊക്കെ കൊല്ലാൻ ഒരപ്പനും അമ്മയ്ക്കും പറ്റോ...?

ഇതൊക്കെ കേട്ടതുകൊണ്ടായിരിക്കും ഞാനൊരു ദുഃസ്വപ്നം കണ്ടു... പതിവുപോലെ അമ്മയുടെ വയറ്റിൽ ഓടിക്കളിക്കുകയായിരുന്നു ഞാൻ. അപ്പോഴതാ കത്രികപോലെയൊരു സാധനം എന്റെ നേർക്കു വരുന്നു. എനിക്കു പേടിയായി. ഞാൻ അവിടെനിന്നും തെന്നിമാറി വേറൊരു വശത്തുപോയി ഒളിച്ചു. അതു വീണ്ടും എന്റെനേരെ വന്നു. എന്റെ ജീവൻ അപകടത്തിലാണെന്ന് അമ്മ അറിയുന്നില്ലേ എന്നു ഞാനോർത്തു. പലവട്ടം തെന്നിമാറിയെങ്കിലും അമ്മയുടെ ഈ കുഞ്ഞുവയറ്റിൽ ഞാനെവിടെപ്പോയി ഒളിക്കാൻ! ഒരുപക്ഷേ, ഭൂമിയിൽ പിറന്നുകഴിഞ്ഞായിരുന്നെങ്കിൽ എങ്ങോട്ടെങ്കിലും ഓടി രക്ഷപെടാമായിരുന്നു എന്നെനിക്കു തോന്നിപ്പോയി. ആദ്യം അതെന്റെ കയ്യിലാണ് പിടിച്ചത്. ഒരു കൈയുടെ മുക്കാൽഭാഗവും അത് മുറിച്ചെടുത്തു. വേദനകൊണ്ട് ഞാൻ പുളഞ്ഞു. എന്റെ കാലും അത് പിഴുതെടുത്തു. സഹിക്കാനാവാത്ത വേദന... പിന്നീടു പിടിമുറുക്കിയത് എന്റെ കഴുത്തിലാണ്. ശ്വാസം കിട്ടാതെ ഞാൻ പിടഞ്ഞു... അപ്പോഴേക്കും ഞാൻ ഞെട്ടിയുണർന്നിരുന്നു. ഹോ! എന്തൊരു സ്വപ്നമായിരുന്നത്...



എനിക്ക് പേടിക്കേണ്ട കാര്യമൊന്നും ഇല്ലായിരിക്കും... കാരണം, ഞാൻ എന്റെ അപ്പേടെ സ്വന്തം ചോരയല്ലേ? അമ്മേടെ ശരീരത്തിന്റെ ഭാഗമായി വളരുന്ന എന്നെ കൊല്ലാൻ എന്റെ അമ്മ സമ്മതിക്കുമോ...? ഹേയ്... ഇല്ല. ഒക്കെ എന്റെയോരോ ചിന്തകളാ... ഒരു ദിവസം കത്തിയെടുത്തു കളിച്ച എന്റെ ചേട്ടന്റെ കൈവിരൽ മുറിഞ്ഞപ്പോൾ അമ്മയ്ക്കെന്തു സങ്കടമായിരുന്നു! വേദനിച്ചു കരഞ്ഞ ചേട്ടനെ ആശ്വസിപ്പിക്കാൻ അമ്മ എന്തെല്ലാം ചെയ്തു! ചേട്ടന്റെ ഒരു വിരൽ മുറിഞ്ഞപ്പോൾ വിഷമിച്ച അമ്മ, എന്റെ കൈയും കാലും തലയും ദേഹവുമൊക്കെ മുറിച്ചുമുറിച്ചെടുത്ത് എന്നെ കൊല്ലാൻ സമ്മതിക്കുമോ... ഇല്ല... ഒരിക്കലുമില്ല... അതുപോലെ ഒരിക്കൽ അമ്മേടെ കൈ പൊള്ളിയപ്പോൾ അമ്മയ്ക്ക് എന്തുമാത്രം വേദനിച്ചു? ആ അമ്മ എന്നെ പൊള്ളിച്ചുകൊല്ലാൻ സമ്മതിക്കുമോ...

ദൈവമേ! ഓരോന്ന് ഓർത്തോർത്ത് ഉറങ്ങിപ്പോയതറിഞ്ഞില്ല. എനിക്കു പരിചയമില്ലാത്ത ചില ശബ്ദങ്ങളൊക്കെ ഇപ്പോൾ കേൾക്കുന്നുണ്ടല്ലോ... അതെ, ഇത് ആശുപത്രിയാണ്. എന്തോ, വല്ലാത്ത ഒരു പേടി തോന്നുന്നു... ഞാൻ കേട്ടതൊക്കെ സത്യമായിരുന്നോ... എന്നെ കൊല്ലാൻ പ്ലാൻ വല്ലതും... ഇല്ല... എന്റെ അപ്പനും അമ്മയും സമ്മതിക്കില്ല... ങ്ങേ... വിങ്ങിപ്പൊട്ടി ആരോ എന്തോ പറയുന്നുണ്ടല്ലോ...

“ഞാനൊരു നേഴ്സാ... ജീവന്റെ കാവൽക്കാരി... ആ എന്നോടാണോ അബോർഷൻ നടത്താൻവന്ന നിങ്ങൾക്കുവേണ്ടി റെക്കമെന്റു ചെയ്യണമെന്നു പറയുന്നത്...? വിവാഹം കഴിഞ്ഞിട്ട് പന്ത്രണ്ടു വർഷമായി. ഒരു കുഞ്ഞിക്കാലു കാണുവാൻ എനിക്കെന്തു കൊതിയുണ്ടെന്നോ! എന്നെപ്പോലെ എത്രയോ പേർ ഒരു കുഞ്ഞിനുവേണ്ടി പ്രാർത്ഥനയും ചികിത്സയുമായി കാത്തിരിക്കുന്നു... അപ്പോഴാ നിങ്ങളെപ്പോലുള്ളവർ നിസ്സാര കാര്യങ്ങളുടെ പേരിൽ ജീവനെ നശിപ്പിക്കുന്നത്. ദയവുചെയ്ത് ഈ കുഞ്ഞിനെ നിങ്ങൾ നശിപ്പിക്കരുത്. നിങ്ങൾക്കുവേണ്ടെങ്കിൽ പ്രസവശേഷം എനിക്കു തന്നുകൂടേ ഈ കുഞ്ഞിനെ? ഞാൻ പൊന്നുപോലെ വളർത്തിക്കോളാം. പ്രതിരോധിക്കാൻ ശക്തിയില്ലാത്ത കുഞ്ഞിനെ കൊല്ലുന്നത് മറ്റു കൊലപാതകങ്ങളെക്കാൾ വലിയ പാതകമല്ലേ? മറ്റു കൊലപാതകങ്ങൾ നടത്തുന്നവരൊക്കെ നിയമത്തിനുമുമ്പിൽ കുറ്റക്കാർ. എന്നിട്ടും ഇത്തരം കൊലപാതകങ്ങൾ നടത്തുന്നവർക്കും അതിനു സഹായിക്കുന്നവർക്കും കൂട്ടുനില്ക്കുന്നവർക്കുമൊക്കെ നിയമത്തിന്റെ ആനുകൂല്യങ്ങളും! ഗർഭാവസ്ഥയിലെ ആദ്യമാസങ്ങളിൽ കുഞ്ഞിനെന്താ ജീവനില്ലേ...!

എല്ലാ മതങ്ങളും ജീവനുവേണ്ടി നിലകൊള്ളുന്നവരാണ്. നിങ്ങൾ ക്രിസ്ത്യാനികളല്ലേ? അബോർഷൻ എന്ന ക്രൂരത നടത്തിയിട്ട് മറ്റു ലഘുപാപങ്ങൾ ചെയ്തിട്ടു കുമ്പസാരിക്കുന്ന ലാഘവത്തോടെ കുമ്പസാരിച്ചാൽ പാപമോചനം ലഭിക്കുമെന്നാണോ നിങ്ങൾ കരുതുന്നത്? ഗർഭഛിദ്രമെന്ന പാപം മോചിക്കാൻ മെത്രാനുമാത്രമേ അധികാരമുള്ളു. ചില പ്രത്യേക അവസരങ്ങളിൽ ചില വൈദികർക്ക് മെത്രാൻ ഈ പാപത്തിന് മോചനാനുമതി നല്കുമെന്നു മാത്രം.

വിദേശയാത്രയ്ക്ക് അസൗകര്യമാണെന്നു കരുതിയല്ലേ ഇപ്പോൾ നിങ്ങൾ അബോർഷനെക്കുറിച്ചു ചിന്തിക്കുന്നത്? ഞാനൊന്നു ചോദിക്കട്ടെ... നിങ്ങൾക്ക് ഏതെങ്കിലും രീതിയിൽ അസൗകര്യമാണെന്നു കണ്ടാൽ കണ്ണിലുണ്ണിയായി വളർത്തുന്ന നിങ്ങളുടെ മൂത്തകുട്ടിയെ നിങ്ങൾ കൊല്ലാൻ കൊടുക്കുമോ? കുറുമ്പുകാട്ടി, കുഞ്ഞുവായിൽ വലിയ കാര്യങ്ങൾ സംസാരിച്ച്, എല്ലാവരുടെയും സ്നേഹഭാജനമായി മാറിയ ആ കുഞ്ഞിനെപ്പോലെതന്നെ വളരേണ്ടതല്ലേ നിങ്ങളുടെ ഈ കുഞ്ഞും? അബോർഷനെപ്പറ്റി ചിന്തിക്കുന്നതിനുമുമ്പ് നിങ്ങൾ ഒരുവട്ടമെങ്കിലും ദൈവമാതാവിനെക്കുറിച്ചു ചിന്തിച്ചോ...? എന്തെല്ലാം കഠിനമായ ജീവിതസാഹചര്യങ്ങളിലൂടെയാണ് മാതാവ് കടന്നുപോയത്... കന്യക ഗർഭം ധരിച്ചുവെന്ന് പുറത്തറിഞ്ഞാൽ കല്ലെറിഞ്ഞു കൊല്ലപ്പെടുമെന്ന് അവൾക്കറിയാമായിരുന്നു. പ്രതിശ്രുതവരനായ ജോസഫ് എന്തു വിചാരിക്കുമെന്ന് അവൾ വിചാരിച്ചില്ല. പൂർണഗർഭാവസ്ഥയിൽ ബേത്‌ലഹേമിലേക്കു നടത്തിയ യാത്രയും പിന്നീട് ഒരിടത്തും അഭയം കിട്ടാതെയും ആരും തുണയില്ലാതെയും വന്ന അവസ്ഥയും ഉണ്ണിയുടെ പിറവിക്കുശേഷം ഒളിച്ചോടേണ്ടി വന്നതുമെല്ലാം അവളുടെ ജീവിതസഹനങ്ങളുടെ ഭാഗമായിരുന്നു. മാതാവിന്റെ ജീവിതസഹനങ്ങളെക്കുറിച്ചോർത്താൽ നമ്മുടെ അസൗകര്യങ്ങളും കഷ്ടപ്പാടുകളുമൊക്കെ മാറ്റിവയ്ക്കാവുന്നതല്ലേയുള്ളു?

ഇതിൽക്കൂടുതൽ ഞാനെന്തു പറയാൻ...? തീരുമാനം നിങ്ങളുടേതാണ്; നിങ്ങളുടേതു മാത്രം.”

**അതെ, തീരുമാനം നിങ്ങളുടേതാണ്; നിങ്ങളുടേതു മാത്രം.**

# അമ്മയോടൊപ്പം അനുഗ്രഹവഴിയേ



സൗമ്യ കാഞ്ഞിരക്കാട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**മം**ഗളവാർത്തമുതൽ കുരിശിൻചുവടുവരെ ദൈവത്തിൽ ശരണപ്പെട്ട പരിശുദ്ധ അമ്മയുടെ അനുസരണമാണ് ലോകരക്ഷകന് ലോകത്തിലേക്കുള്ള വഴി തുറന്നത്. "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ". ദൈവത്തിലുള്ള സമ്പൂർണസമർപ്പണത്തിന്റെ, ആത്മാർപ്പണത്തിന്റെ വാക്കുകൾ. ദിവ്യരക്ഷകനെ ഹൃദയത്തിൽ സ്വീകരിക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ അമ്മയോടൊത്ത് അവിടുത്തെ രക്ഷാകരസ്നേഹത്തെ നമുക്കു ധ്യാനിക്കാം.

**ഒന്നാം ദിവ്യരഹസ്യം**: *"ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവു നിന്നോടുകൂടെ!" (ലൂക്കാ 1,28).*

ഗബ്രിയേൽദൂതന്റെ ഈ അഭിവാദനത്തിന്റെ അർത്ഥം മനസ്സിലാകാഞ്ഞിട്ടും പരിശുദ്ധ അമ്മ ദൈവഹിതത്തിനു സ്വയം സമർപ്പിച്ചതിനെക്കുറിച്ച് നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: *"നീ സ്ത്രീകളിൽ അനുഗൃഹീതയാണ്; നിന്റെ ഉദരഫലവും അനുഗൃഹീതം" (ലൂക്കാ 1,42).*

തന്റെ സാന്നിദ്ധ്യംകൊണ്ട് ദൈവസ്നേഹം പകർന്നുനല്കുന്ന പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: *"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം" (ലൂക്കാ 2,14).*

ലോകരക്ഷകനായ ദിവ്യശിശുവിനെ മനുഷ്യർക്കു സമ്മാനമായി നല്കിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: *"ഈശോ എന്ന പേര് അവനു നല്കി" (ലൂക്കാ 2,21).*

തന്റെ ദിവ്യസുതനെ ദൈവേഷ്ടത്തിനു പരിപൂർണമായി വിട്ടുകൊടുത്ത പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: *"അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു" (ലൂക്കാ 2,51)*

ദൈവാശ്രയത്വത്തിൽ ശരണംവച്ച് നിശബ്ദതയെ പുൽകിയ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*





## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

# പിതൃമൊഴി

ഉണ്ണീശോയേ, അങ്ങയെ സ്വീകരിക്കുവാൻ
ഞങ്ങൾ ആഗ്രഹിക്കുന്നു.
ദരിദ്രമായ കാലിത്തൊഴുത്തിൽനിന്നും
അങ്ങയെ ഏറ്റുവാങ്ങുവാൻ പര്യാപ്തമായ
ചൂടേറിയ വാസസ്ഥലമായി
തണുത്തു മരവിച്ച ഞങ്ങളുടെ ഹൃദയത്തെ
അങ്ങു രൂപാന്തരപ്പെടുത്തണമേ

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th November 2018

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment




"ദൈവത്തോടുള്ള സമാനത
മുറുകെപ്പിടിക്കാതെ
സ്വയം ശൂന്യനാക്കിയ കർത്താവേ,
എല്ലാ ലൗകികസുഖങ്ങളും പരിത്യജിച്ച്,
നിന്റെ ഹിതത്തിനു വിശ്വാസപൂർവം
പ്രത്യുത്തരം നല്കുവാനും
യഥാർത്ഥ സമാധാനമായ നിന്നെ
സ്വജീവിതംവഴി ലോകത്തിനു
കാട്ടിക്കൊടുക്കുവാനും
ഞങ്ങളെ അനുഗ്രഹിക്കണമേ."

(മംഗളവാർത്തക്കാലം, വ്യാഴം – എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal